VOL NO: 10 I ISSUE 39

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 SEPTEMBER 26 I ₹10



## മക്കയിലേക്ക് നീളുന്ന ഹൂതി കൈകൾ

ഫലസ്തീൻ അനുകൂല മുദ്രാവാക്യങ്ങളുടെയും വിപ്ലവ രാഷ്ട്രീയത്തിന്റെയും മറവിൽ, ലോക മുസ്‌ലിംകളുടെ വിശുദ്ധ ഗേഹമായ മക്കയുടെ നേർക്ക് ആയുധങ്ങളുമായി നീങ്ങുന്ന ഹൂതികളുടെ അജണ്ട സുരക്ഷാ താൽപര്യങ്ങളല്ല, മറിച്ച് ഇസ്‌ലാമിക ലോകത്തിന്റെ ഹൃദയത്തിലേക്ക് നുഴഞ്ഞുകയറുന്ന അപര വിദ്വേഷത്തിന്റെയും ഭീകരതയുടെയും നിർമിതിയാണെന്ന് സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

**സാംസ്കാരിക വിപത്തായി മാറുന്ന സീരിയലുകൾ**

**കൊള്ളയടിക്കപ്പെടുന്ന പിഎസ്‌സി നിയമനങ്ങൾ**

**കൗമാരക്കാരുടെ മനസ്സറിയുക**

റൈഹാൻ ഷഹീദ് • നബീൽ പയ്യോളി • ഡോ. നഹ്‌ല തമന്ന



دار الحكمة
WISDOM
HOUSE
CALICUT
WISDOM
നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

505

# നേർപഥം വാരിക

2026 സെപ്തംബർ 26
1448 റബീഉൽ ആഖിർ 15
പുസ്തകം 10 / ലക്കം 39



Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




റൈഹാൻ ഷഹീദ്

ഫലസ്തീൻ അനുകൂല മുദ്രാവാക്യങ്ങളുടെയും വിപ്ലവ രാഷ്ട്രീയത്തിന്റെയും മറവിൽ, ലോക മുസ്‌ലിംകളുടെ വിശുദ്ധ ഗേഹമായ മക്കയുടെ നേർക്ക് ആയുധങ്ങളുമായി നീങ്ങുന്ന ഹൂതികളുടെ അജണ്ട സുരക്ഷാ താൽപര്യങ്ങളല്ല, മറിച്ച് ഇസ്‌ലാമിക ലോകത്തിന്റെ ഹൃദയത്തിലേക്ക് നുഴഞ്ഞുകയറുന്ന അപര വിദ്വേഷത്തിന്റെയും ഭീകരതയുടെയും നിർമിതിയാണെന്ന് സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

**05** മുഖമൊഴി
സാംസ്കാരിക വിപത്തായി മാറുന്ന സീരിയലുകൾ

**06** നിരീക്ഷണം
കൊള്ളയടിക്കപ്പെടുന്ന പിഎസ്‌സി നിയമനങ്ങൾ
നബീൽ പയ്യോളി

**09** അനുഭവപഥം
'പ്രിയദർശിനി' സൗജന്യ യാത്ര; ചില യാഥാർഥ്യങ്ങൾ
നുബ്‌ല എം

**18** പാരന്റിംഗ്
കൗമാരക്കാരുടെ മനസ്സറിയുക
ആഷിഖ എ. വി, നടുവട്ടം

**20** ആരോഗ്യപഥം
വാർധക്യം: കരുതലോടെ മുന്നേറാം
ഡോ: നഹ്‌ല തമന്ന

**22** ലേഖനം
അറിവിന്റെ സ്രോതസ്സുകളിലെ വ്യതിയാനം
മുഹമ്മദ് ഫയാസ്, നാദാപുരം

**24** കാഴ്ച
നാം സ്വാർഥരാകരുത്
ഡോ.യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

**26** പഠനം
ശിയാക്കളും ക്വുർആനും
ഡോ. ടി. കെ. യൂസുഫ്

**29** കുടുംബപഥം
തോറ്റുപോകുന്ന മരുമക്കൾ
ജസ്‌ന മൊയ്തീൻ

**30** കവിത
കൃത്രിമ ബുദ്ധി
സിനി. ടി. കെ, മണ്ണാർക്കാട്

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**33** ബാലപഥം
എത്ര മനോഹരം!
ഖദീജ നാസർ, പെരുമ്പാവൂർ

**34** കവിത
മനോഭാവം
നജീബ് കെ.സി.

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# തൃശൂരിൽ ചരിത്രമായി 'മുജാഹിദ് ചരിത്ര സമ്മേളനം'



തൃശൂർ: 'ചരിത്രം അറിയാത്തവർക്ക് വർത്തമാനകാലത്തെ മനസ്സിലാക്കാനോ ഭാവി കെട്ടിപ്പടുക്കാനോ സാധിക്കില്ല' എന്നു പറയാറുണ്ട്. മനുഷ്യരാശിയുടെ വികാസത്തിൽ ചരിത്ര പഠനത്തിനുള്ള പ്രാധാന്യമാണ് അതു വ്യക്തമാക്കുന്നത്. കഴിഞ്ഞുപോയ സംഭവങ്ങളുടെ വെറുമൊരു നിഴൽ രൂപമല്ല ചരിത്രം; മറിച്ച് മനുഷ്യന്റെ അതിജീവനത്തിന്റെയും വളർച്ചയുടെയും അനുഭവപാഠങ്ങളാണത്. മനുഷ്യരാശി നേരിട്ട യുദ്ധങ്ങൾ, രാഷ്ട്രീയ മുന്നേറ്റങ്ങൾ, സാമൂഹിക മാറ്റങ്ങൾ, പകർച്ചവ്യാധികൾ എന്നിവയെല്ലാം ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. മുൻകാലങ്ങളിൽ ഉണ്ടായ അബദ്ധങ്ങളും പരാജയങ്ങളും തിരിച്ചറിഞ്ഞ്, വർത്തമാനകാലത്ത് അവ ആവർത്തിക്കാതിരിക്കാൻ ചരിത്ര പഠനം നമ്മെ സഹായിക്കുന്നു.

ചരിത്രം പഠിക്കുന്നതിലൂടെ വസ്തുതകൾ പരിശോധിക്കാനും കാര്യകാരണങ്ങൾ അപഗ്രഥിക്കാനുമുള്ള ശേഷി ലഭിക്കുന്നു. വിവിധ സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയും കുറിച്ച് പഠിക്കുമ്പോൾ മനുഷ്യരിൽ പരസ്പര ബഹുമാനവും സഹിഷ്ണുതയും വളരുന്നു. ലോകത്തിലെ പലവിധ വൈവിധ്യങ്ങളെ മനസ്സിലാക്കാനും മറ്റുള്ളവരുടെ കാഴ്ചപ്പാടുകളെ വിലയിരുത്താനും ഇത് നമ്മെ പ്രാപ്തരാക്കുന്നു.

ചരിത്രപഠനം എന്നത് വെറുമൊരു അക്കാദമിക് വിഷയമല്ല; മറിച്ച് അത് ഒരു ജനതയുടെ ഓർമ ശക്തിയാണ്. മുൻതലമുറകളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ മെച്ചപ്പെട്ട, സമാധാന പൂർണമായ ഒരു ഭാവി നിർമിക്കാൻ ചരിത്രത്തി നിന്നുള്ള അറിവുകൾ സഹായിക്കുന്നു.

ഇരുട്ടിന്റെ വക്താക്കൾക്ക് ചരിത്ര യാഥാർഥ്യങ്ങളെ എന്നും ഭയമാണ്. അത് ഭരണകൂടമാണെങ്കിൽ ആസൂത്രിതമായി ചരിത്രത്തെ അപനിർമിക്കും. തങ്ങളുടെ താൽപര്യങ്ങൾക്ക് അനുകൂലമായതും തിരുത്തിയെഴുതിയതും മാത്രം പുതുതലമുറ മനസ്സിലാക്കിയാൽ മതി എന്നു തീരുമാനിക്കും. അതാണ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ മുസ്‌ലിംകളെ ഇന്നു കാണുന്ന സർവരംഗത്തുമുള്ള പുരോഗതിയിലേക്കു നയിച്ചത് മുജാഹിദ് പ്രസ്ഥാനമാണെന്നത് ചരിത്ര യാഥാർഥ്യമാണ്. എന്നാൽ, സമുദായത്തെ അധോഗതിയിൽ തളച്ചിടാനും നവോത്ഥാന സംരംഭങ്ങളെ അടിച്ചമർത്താനും ശ്രമിച്ചവർ ചരിത്രം തിരുത്തിയെഴുതുകയും സമുദായത്തെ മുന്നിൽനിന്നും നയിച്ചവർ തങ്ങളാണെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വിരോധാഭാസത്തിനും നമുക്ക് സാക്ഷികളാകേണ്ടിവരുന്നു.

ഈ പശ്ചാത്തലത്തിലാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ തൃശൂർ ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ മുജാഹിദ് ചരിത്ര സമ്മേളനം സംഘടിപ്പിച്ചത്. തൃശൂർ വിവേകോദയം ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചരിത്ര സമ്മേളനം ജനപങ്കാളിത്തം കൊണ്ടും വിഷയാവതരണങ്ങളുടെ സമഗ്രതകൊണ്ടും ഏറെ ശ്രദ്ധേയമായി. ശിർക്കിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെും, സമുദായ മക്കൾക്ക് മത-ഭൗതിക വിദ്യാഭ്യാസം നൽകാൻ വേണ്ടിയുമൊക്കെ പൂർവകാല മുജാഹിദ് പണ്ഡിതന്മാരും നേതാക്കളും സഹിച്ച ത്യാഗങ്ങളും അവരുടെ അവിശ്രമ പരിശ്രമങ്ങളുമൊക്കെ വിശദീകരിക്കപ്പെട്ടത് വിസ്മയത്തോടെയാണ് ആളുകൾ ശ്രവിച്ചത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന അധ്യക്ഷൻ പി.എൻ. അബ്ദുലത്വീഫ് മദനി ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് അശ്റഫ് സുല്ലമി അധ്യക്ഷത വഹിച്ചു. തൃശൂർ എം.എൽ.എ. രാജൻ പല്ലൻ മുഖ്യാതിഥിയായി. ജാമിഅ അൽഹിന്ദ് ഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി, ഡോ.ഷാനവാസ് പറവണ്ണ, സി.പി. സലീം, മുജാഹിദ് ബാലുശ്ശേരി, ശിഹാബ് എടക്കര, അബ്ദുല്ലത്വ ീഫ് സുല്ലമി, അർഷദ് താനൂർ, അൻവർ അബൂബക്കർ, റംഷാദ് സ്വലാഹി, ജഅ്ഫർ സലഫി, ആശിഖ് അലി, ശുഐബ് മദീനി, നസ്റുല്ലാഹ് മസ്ഊദ്, റിദ്‌വാൻ പാടൂർ തുടങ്ങിയവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. വിസ്ഡം ജില്ലാ ജോയിന്റ് സെക്രട്ടറി വി.എച്ച്. ഹുസൈൻ സ്വാഗതവും കാജാ സലഫി നന്ദിയും പറഞ്ഞു.

# സാംസ്കാരിക വിപത്തായി മാറുന്ന സീരിയലുകൾ

വൈകുന്നേരമായാൽ കേരളത്തിലെ കുടുംബിനികളിൽ നല്ലൊരു ശതമാനവും ആകാംക്ഷയോടെ സീരിയലുകൾ കാണാനിരിക്കുന്നു; അതിനായി മറ്റെല്ലാ തിരക്കുകളും മാറ്റിവെക്കുന്നു. കണ്ണീർ സീരിയലുകെളക്കാൾ ഇന്ന് രംഗം കയ്യാളുന്നത് അവിഹിതബന്ധങ്ങളുടെ സസ്പെൻസ് ത്രില്ലറുകളാണ്. അന്യന്റെ സ്വകാര്യതയിലേക്ക് ഒളിഞ്ഞുനോക്കാനുള്ള വാസന മലയാളികളിൽ അൽപം കൂടുതലാണ് എന്നത് കേവലം ആരോപണമല്ല; സീരിയൽ കച്ചവടക്കാർ ഇത് സമർഥമായി ഉപയോഗിക്കുന്നു.

പൊതുസമൂഹത്തെ വിഡ്ഢികളാക്കിക്കൊണ്ട് ദീർഘകാലമായി അരങ്ങേറുന്ന ഈ സാംസ്കാരിക വിപത്തിനെ പ്രതിരോധിക്കാൻ പ്രബുദ്ധരെന്ന് അവകാശപ്പെടുന്ന മലയാളിസമൂഹം ഇനിയും വൈകിയാൽ അതിന് വലിയ വിലകൊടുക്കേണ്ടിവരുമെന്നതിൽ സംശയമില്ല. ഒരുകാലത്ത് 'മ' പ്രസിദ്ധീകരണങ്ങളിൽ നിരന്തരം പ്രത്യക്ഷപ്പെട്ട പൈങ്കിളി നോവലുകളായിരുന്നു അലോസരമുണ്ടാക്കിയിരുന്നതെങ്കിൽ ഇന്ന് ആ സ്ഥാനം ഏറ്റെടുത്തിട്ടുള്ളത് സ്വകാര്യ ടെലിവിഷൻ ചാനലുകളിലെ പൈങ്കിളി സീരിയലുകളാണ്.

മലയാളിക്ക് പ്രബുദ്ധതയുണ്ട്; പ്രതികരിക്കുകയും ചെയ്യും. പക്ഷേ, ചിലപ്പോൾ വേണ്ട അവസരങ്ങളിൽ അത് കാണിക്കാറില്ല. ആവശ്യമില്ലാത്ത വിവാദങ്ങൾക്കു പിറകെ പോകാനാണ് പലർക്കും താൽപര്യം. അതേസമയം ആവശ്യമുള്ള കാര്യങ്ങൾക്കു നേരെ ബോധപൂർവം മുഖം തിരിക്കുന്നു.

പ്രബുദ്ധതയിലും സാക്ഷരതയിലും പുരോഗമനാശയങ്ങളിലും മാധ്യമ അവബോധത്തിലും മറ്റും ഇന്ത്യയിൽ മുൻനിരക്കാരെന്ന് അഭിമാനിക്കുന്നവരാണ് നാം. അത്തരമൊരു നാട്ടിലാണ് ഇവ്വിധമൊരു ഗതികേട് വന്നുപെട്ടിരിക്കുന്നത്!

കേരളത്തിലെ 'ജനപ്രിയ ടി.വി സീരിയലുകൾ' എന്ന് അവകാശപ്പെടുന്നവ ഓരോ ദിവസവും നമ്മുടെ സാംസ്കാരികബോധത്തെ കശാപ്പു ചെയ്യുകയും മനസ്സിനെ (പ്രത്യേകിച്ച് സ്ത്രീ മനസ്സിനെ) തടവിലാ ക്കുകയും ചെയ്യുന്നു എന്നതാണ് പരമാർഥം. ഓരോ സീരിയലും ദീർഘകാലത്തേക്കാണ് ഇപ്രകാരം പ്രേക്ഷക മനസ്സുകളെ തടവിലാക്കുന്നത്. മനുഷ്യന്റെ ഏറ്റവും പ്രാകൃതമായ വികാരങ്ങളിലേക്കാണ് കേരളത്തിലെ ഭൂരിപക്ഷം സീരിയൽ നിർമാതാക്കളുടെയും നോട്ടം. അഹങ്കാരം, അസൂയ, കുശുമ്പ്, വിദ്വേഷം, വൈരാഗ്യബുദ്ധി, ഹിംസാത്മകത തുടങ്ങിയവയെ കത്തിജ്വലിപ്പിക്കത്തക്ക രീതിയിൽ പടുത്തുയർത്തിയ കൃത്രിമ കഥാസന്ദർഭങ്ങൾ നിറഞ്ഞവയാണ് ചാനൽ സീരിയലുകളിൽ സംപ്രേഷണം ചെയ്തുവരുന്നവയിൽ ഏറിയകൂറും. കഴുതയുടെ മസ്തിഷ്കമുള്ള പുരുഷന്മാരും ചെന്നായയുടെ ഹൃദയമുള്ള സ്ത്രീകളുമാണ് ഒട്ടുമിക്ക സീരിയലുകളിലെയും പ്രധാന കഥാപാത്രങ്ങൾ. അവരോടൊപ്പം ശുദ്ധാത്മാവായ ഒരു പെണ്ണുമുണ്ടാവും. അല്ലെങ്കിൽ നിഷ്കളങ്കനും വ്യക്തിത്വമില്ലാത്തവനുമായ ഒരു പുരുഷനും. കശാപ്പുകാരന്റെ പിന്നാലെ നടന്നുചെല്ലുന്ന പാവം ആട്ടിൻകുട്ടിയുടെ മനസ്സും ചലന ക്രമവുമാണ് അത്തരം കഥാപാത്രങ്ങൾക്കുണ്ടാവുക. കണ്ണീരും മൂക്കുപിഴിച്ചിലും വഴക്കും വക്കാണവും കൊണ്ട് ശബ്ദമുഖരിതമാവുന്ന യാമങ്ങൾ. വെറും പൊള്ളയായ ഈ കൃത്രിമലോകം ശബ്ദഭേരിയും വർണപ്പകിട്ടും പശ്ചാത്തല സംഗീതവും സംഭാഷണ ചടുലതയും കൊണ്ട് ഒരു യഥാർഥ ലോകമാണെന്ന പ്രതീതിയാണ് പ്രേക്ഷകർക്കു നൽകുന്നത്.

സീരിയലുകളുടെ അടിമകളായിത്തീരുന്ന പ്രേക്ഷകസമൂഹം സ്വയമറിയാതെ ഒപ്പം പരസ്യങ്ങളുടെയും അടിമകളായി മാറുന്നു. സീരിയലുകളും പരസ്യങ്ങളും ഇരട്ടകളെപ്പോലെ മെയ്യോടു മെയ് ചേർന്നാണ് ടെലിവിഷൻ ചാനലുകളിൽ ഇന്ന് അരങ്ങേറുന്നത്. ഏതൊക്കെ ഉപഭോഗ വസ്തുക്കളാണ് നാം വാങ്ങേണ്ടതെന്ന് കമ്പനികൾ നിശ്ചയിക്കുന്നു, പ്രഖ്യാപിക്കുന്നു. നിരന്തരം മോഹിപ്പിക്കുന്നു, പ്രേരിപ്പിക്കുന്നു. പ്രേക്ഷകരുടെ ബൗദ്ധികമായ ജാഗ്രതയെയും സദാചാരബോധത്തെയും സീരിയലുകൾ വിലക്കെടുക്കുന്നതുപോലെ നമ്മുടെ വിവേകത്തെയും തിരഞ്ഞെടുക്കാനുള്ള അവകാശത്തെയും പരസ്യ ക്കമ്പനികൾ വിലയ്ക്കെടുക്കുന്നു! വിശ്വാസി സമൂഹത്തിന് ഈ ചതിക്കുഴിയിൽ അകപ്പെടാതിരിക്കാൻ സാധിക്കേണ്ടതുണ്ട്. ■




# കൊള്ളയടിക്കപ്പെടുന്ന പിഎസ്‌സി നിയമനങ്ങൾ

നബീൽ പയ്യോളി
: +966 55 771 0981

വർഷങ്ങളുടെ കഠിനാധ്വാനത്തിന്റെ ഫലമാണ് ഒരു സർക്കാർ ജോലി. താൻ സ്വപ്നം കണ്ട സർക്കാർ ജോലിയും ജീവിതസാഹചര്യവും നേടിയെടുക്കാൻ പരിശീലന കേന്ദ്രങ്ങളിലും മറ്റുമായി മണിക്കൂറുകൾ ദിനേന ചെലവഴിച്ചാണ് ഓരോ ഉദ്യോഗാർഥിയും പരീക്ഷയെഴുതുന്നത്; സാമ്പത്തിക ചെലവുകൾ വേറെയും. ഏതെങ്കിലും പാർട്ട് ടൈം ജോലി ചെയ്താണ് പല വിദ്യാർഥികളും ഇതിനുള്ള പണം കണ്ടെത്താറുള്ളത്. ആയിരക്കണക്കിന് ഉദ്യോഗാർഥികളോടു മത്സരിച്ച് ലിസ്റ്റിൽ കയറിപ്പറ്റിയാൽതന്നെ നിയമനം ലഭിക്കുന്നത് ഏതാനും പേർക്കായിരിക്കും. പിന്നെയും എഴുതണം അടുത്ത പരീക്ഷ. അങ്ങനെ നിരവധി പരീക്ഷണ ഘട്ടങ്ങൾ താണ്ടിയാണ് റാങ്ക് ലിസ്റ്റിൽ വരുന്നതും നിയമനം ലഭിക്കുന്ന ഭാഗ്യവാന്മാരിൽ ഉൾപ്പെടുന്നതും. ആയുസ്സിലെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടത്തിൽ കൂടുതൽ സമയവും ഭാവി സുരക്ഷിതമാക്കാൻ കഠിനാധ്വാനം ചെയ്യുന്ന യുവതലമുറയെ വെല്ലുവിളിക്കുകയാണ് പിഎസ്‌സി തട്ടിപ്പുകാർ ചെയ്യുന്നത്. ഭരണത്തിന്റെ തണലിൽ നീതി

**താൽക്കാലിക നിയമനങ്ങൾ പലപ്പോഴും സ്ഥിരപ്പെടുത്തുന്ന കോടതി വ്യവഹാരങ്ങളിലേക്ക് കടക്കുന്ന സാഹചര്യങ്ങൾ ഉണ്ടാവാറുണ്ട്. സ്വാർഥ താൽപര്യങ്ങൾക്കു വേണ്ടി നടത്തുന്ന താൽക്കാലിക നിയമനങ്ങൾക്ക് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടാവാറില്ല. അനർഹമായി ആർക്കും ഒന്നും ലഭിക്കുവാനോ നഷ്ടപ്പെടുവാനോ പാടില്ല. അനീതിയും സ്വജനപക്ഷ പാതവും സംവിധാനങ്ങളെ തകർക്കുകയും ജനങ്ങൾക്ക് സംവിധാനങ്ങളിലുള്ള വിശ്വാസ്യത ഇല്ലാതാവുകയും ചെയ്യും.**

കാറ്റിൽ പറത്തി, കെട്ടിയിറക്കപ്പെട്ട റാങ്കുകാർ കൈയടക്കുന്ന സർക്കാർ ഉദ്യോഗങ്ങൾ നാടിനെത്തന്നെ കൊള്ളയടിക്കുന്നതിലേക്കുള്ള വഴിയായി മാറിയിരിക്കുകയാണ്.

പൗരന്മാരെ ഒന്നായിക്കാണുകയും അവരോട് നീതിപൂർവകമായി വർത്തിക്കുകയും ചെയ്യേണ്ട സർക്കാർ സംവിധാനങ്ങളിൽ കൊള്ളയും തട്ടിപ്പും നടക്കുന്നതിനെ ഗൗരവത്തോടെ കാണാൻ സർക്കാർ തയ്യാറാവണം. ആൾമാറാട്ടവും ചോദ്യപ്പേപ്പർ ചോർച്ചയും പിഎസ്സിയിലെ കറുത്ത അധ്യായങ്ങളായി കഴിഞ്ഞുപോയതാണ്. അതിലും ഗൗരവമുള്ള കാര്യമാണ് ആസൂത്രണ ബോർഡിലേക്കുള്ള നിയമനത്തിൽ നടന്നത്. 2023ലെ നിയമനത്തിനായി നടത്തിയ പരീക്ഷയിലെ 28 ചോദ്യങ്ങളിൽ 18 എണ്ണത്തിനു മാത്രമാണ് മാർക്കു നൽകിയിരുന്നത്. ബാക്കിയുള്ള 10 ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മൂല്യനിർണയം നടത്തുകയോ മാർക്ക് നൽകുകയോ ചെയ്തിട്ടില്ല. റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കകം ഉദ്യോഗാർഥികൾ ഉത്തരക്കടലാസിന്റെ പകർപ്പിന് അപേക്ഷ നൽകിയെങ്കിലും വർഷം ഒന്നു കഴിഞ്ഞു അവർക്കത് ലഭിക്കാൻ. കിട്ടിയ പകർപ്പു കണ്ട് അവർ അമ്പരന്നു. എഴുതിയ ഉത്തരങ്ങളിൽ 10 എണ്ണം പരിശോധിച്ചിട്ടില്ല; മാർക്ക് നൽകിയിട്ടുമില്ല. ലക്ഷത്തിലധികം രൂപ ശമ്പളം ലഭിക്കുന്ന തസ്തികയിലേക്കുള്ള നിയമനത്തിലാണ് ഈ ഗുരുതരമായ ക്രമക്കേടു നടന്നിട്ടുള്ളത്.

കേരളത്തിലെ യുവാക്കളുടെ പ്രതീക്ഷയും ആശ്രയവുമായിരുന്ന പിഎസ്സിയുടെ വിശ്വാസ്യത തകർക്കുന്ന നീക്കങ്ങളാണ് അടുത്തകാലത്തായി കണ്ടുവരുന്നത്. വിദ്യാർഥികൾ കേരളം വിട്ടു മറ്റിടങ്ങളിലേക്ക് ചേക്കേറുന്നതിന്റെ കാരണങ്ങളിൽ ഒന്ന് സുരക്ഷിതമായ തൊഴിൽ ലഭിക്കുന്നില്ല എന്നതാണ്. മാന്യമായ ജീവിതം ആഗ്രഹിക്കുന്നവരാണ് എല്ലാവരും. അതിന് സാമാന്യം ഭേദപ്പെട്ട ശമ്പളം ലഭിക്കുന്ന ജോലി അനിവാര്യമാണ്. ഇതിനായാണ് സർക്കാർ സർവീസിൽ കയറിപ്പറ്റുക എന്ന ആഗ്രഹത്തോടെ വർഷങ്ങളുടെ കഠിനാധ്വാനം നടത്തി അവർ വിവിധ പരീക്ഷകൾ എഴുതുന്നത്. ഇങ്ങനെയുള്ള യുവാക്കൾക്ക് നിരാശയോടെ മടങ്ങേണ്ടിവരുന്നത് ക്രൂരതയാണ്. പ്രതീക്ഷകൾ അസ്തമിച്ച് അവർ മറ്റിടങ്ങളിലേക്കു ചേക്കേറുന്നത് സ്വാഭാവികം.

സർക്കാർ വകുപ്പുകളിലേക്കും പൊതുമേഖലാ സ്ഥാപനങ്ങളി ലേക്കുമായി 30,000 ആളുകൾ ഓരോ വർഷവും സർക്കാർ സർവീസിന്റെ ഭാഗമാകുന്നു എന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്. പിൻവാതിൽ നിയമനങ്ങളും കരാർ നിയമനങ്ങളുമടക്കം സർക്കാർ സർവീസിലെത്താൻ കുറുക്കുവഴികൾ

ഒരുക്കുന്നത് ഭരണകൂടങ്ങൾ കുതന്ത്രങ്ങൾ പ്രയോഗിക്കാറുണ്ട്. അത് അവസാനിപ്പിച്ചാലേ പുതുതലമുറയെ നമ്മുടെ നാട്ടിൽ തന്നെ പിടിച്ചു നിറുത്താൻ സാധിക്കുകയുള്ളൂ.

കഴിഞ്ഞ കുറെ വർഷങ്ങളിലെ മുഴുവൻ പിഎസ്സി നിയമനങ്ങളും അന്വേഷിക്കാനും ക്രമവിരുദ്ധമായവ റദ്ദാക്കി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാവണം. കരാർ നിയമനങ്ങളും താൽക്കാലിക നിയമങ്ങളും വഴി സർക്കാർ സവിധാനങ്ങളിലേക്ക് പിൻവാതിലിൽ കയറിയ വർക്കും ഈ നിലയിലുള്ള പരിശോധനകളും കർശന നടപടികളും ഉണ്ടാകേണ്ടതുണ്ട്. പിഎസ്സി എന്നത് രാഷ്ട്രീയ റിക്രൂട്ട്മെന്റ് ഏജൻസിയായി മാറിക്കൂടാ. സുതാര്യവും നീതിയുക്തവുമായ നിയമങ്ങൾ മാത്രമെ ഉണ്ടാകൂ എന്ന് ഉറപ്പു വരുത്താൻ കർശന നിരീക്ഷണ സംവിധാനങ്ങൾ ഉണ്ടാവണം.

കഴിഞ്ഞ സർക്കാർ കാലയളവിൽ അപ്രഖ്യാപിത നിയമന നിരോധനങ്ങൾമൂലം അവസരങ്ങൾ നഷ്ടപ്പെട്ടവർക്ക് ആശ്വാസം നൽകുന്നതായിരുന്നു കാലാവധി അവസാനിക്കുന്ന പിഎസ്സി റാങ്ക് ലിസ്റ്റുകൾ നീട്ടാനുള്ള തീരുമാനം. അതിൽനിന്നും നിയമനങ്ങൾ നടത്തിയ ഉത്തരവുകൾ കണ്ടുതുട ങ്ങിയത് ആശാവഹമാണ്. സർക്കാർ ജീവനക്കാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വിവിധ വകുപ്പുകൾക്ക് കർശന നിർദേശം നൽകിയുട്ടുണ്ട് എന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ പഴികേട്ട വകുപ്പ് ആരോഗ്യവകുപ്പായിരുന്നു. അതിനു പല കാരണങ്ങളുണ്ടെങ്കിലും അമിത ജോലിഭാരവും ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം നികത്താത്തതുമായിരുന്നു പ്രധാനപ്പെട്ടത്. സർക്കാർ സംവിധാനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയ ബന്ധിതമായി റിപ്പോർട്ട് ചെയ്തു നിയമനം ഉറപ്പാക്കേണ്ടത് ഉദ്യോഗാർഥികൾക്കു ജോലി ലഭിക്കാൻ വേണ്ടി മാത്രമല്ല; സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്ന ആയിരക്കണക്കിനു സാധാരണക്കാർക്ക് സേവനങ്ങൾ ഫലപ്രദമായും സമയബന്ധിതമായും ലഭ്യമാക്കാൻ കൂടിയാണ്.

ഒരാൾക്ക് താങ്ങാൻ കഴിയുന്നതിലുമധികം ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ ആ ജോലിയുടെ ക്വാളിറ്റി കുറയുകയും അബദ്ധങ്ങളും പോരായ്മകളും സംഭവിക്കാനുള്ള സാധ്യത കൂടുകയും ചെയ്യും. ജീവനക്കാരുടെ കുറവുകളും അമിത ജോലിഭാരവും പൗരന്റെ ജീവനെത്തന്നെ ഹനിക്കുന്ന സാഹചര്യം ഉണ്ടാകും എന്ന തിരിച്ചറിവിൽ സർക്കാരും ഭരണസംവിധാനങ്ങളും ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

താൽക്കാലിക നിയമനങ്ങൾ പലപ്പോഴും സ്ഥിരപ്പെടുത്തുന്ന കോടതി വ്യവഹാരങ്ങളിലേക്ക് കടക്കുന്ന സാഹചര്യങ്ങൾ ഉണ്ടാവാറുണ്ട്. സ്വാർഥ താൽപര്യങ്ങ ൾക്കു വേണ്ടി നടത്തുന്ന താൽക്കാലിക നിയമനങ്ങൾക്ക് പ്രത്യേക മാനദണ്ഡ ങ്ങൾ ഉണ്ടാവാറില്ല. താൽക്കാലിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്ചേഞ്ച് വഴി മാത്രമെ നടത്തുകയു ള്ളൂ എന്ന നിഷ്കർഷത സർക്കാർ കാണിക്കേണ്ടതുണ്ട്. അനർഹമായി ആർക്കും ഒന്നും ലഭിക്കുവാനോ നഷ്ടപ്പെടുവാനോ പാടില്ല. അനീതിയും സ്വജനപക്ഷ പാതവും സംവിധാനങ്ങളെ തകർക്കുകയും ജനങ്ങൾക്ക് സംവിധാനങ്ങളിലുള്ള വിശ്വാസ്യത ഇല്ലാതാവുകയും ചെയ്യും. ■




# ‘പ്രിയദർശിനി’ സൗജന്യ യാത്ര; ചില യാഥാർഥ്യങ്ങൾ

**നുബ്‌ല എം**

കേരളത്തിന്റെ പൊതുഗതാഗത സംവിധാനത്തിൽ കെഎസ്ആർടിസി ബസുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. സ്ത്രീശാക്തീകരണത്തിന്റെയും സാമൂഹിക ക്ഷേമത്തിന്റെയും ഭാഗമായി സ്ത്രീകൾക്കായി നടപ്പിലാക്കുന്ന സൗജന്യ യാത്രാപദ്ധതിയായ ‘പ്രിയദർശിനി’ സാധാരണക്കാർക്ക് വലിയൊരു ആശ്വാസമാണ്. കുറഞ്ഞ വരുമാനക്കാർക്കും ജോലിക്കു പോകുന്ന സ്ത്രീകൾക്കും വിദ്യാർഥിനികൾക്കും ഇത് സാമ്പത്തിക ഭാരം കുറയ്ക്കാൻ സഹായിക്കുന്നുണ്ട്. എന്നാൽ, ഈ അനുകൂല്യത്തിന്റെ വശങ്ങൾ പരിശോധിക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകളും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

ഇന്ന് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. സർവീസുകൾ ലഭ്യമല്ല; പ്രത്യേകിച്ച് മലബാർ മേഖലയിൽ. ഈ സാഹചര്യത്തിൽ, നിലവിലുള്ള ബസ്സുകളിൽ യാത്രക്കാരുടെ കടുത്ത തിരക്കാണ് അനുഭവപ്പെടുന്നത്. കെഎസ്ആർടിസിക്ക് സംസ്ഥാനത്താകെ 3125 ഓർഡിനറി ബസ്സുകളാണ് ഉള്ളത്. അതിൽ 881 മാത്രമാണ് കാസർകോടു മുതൽ പാലക്കാടു വരെയുള്ള ജില്ലകളിൽ ഉള്ളത്. ബാക്കി 2244 ബസുകളും തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലാണ്. തിരുവനന്തപുരം ജില്ലയിൽ മാത്രം 687 ബസ്സുകളും കൊല്ലത്ത് 415 ബസ്സുകളും സർവീസ് നടത്തുന്നുണ്ട്. തെക്കൻ ജില്ലകൾക്കാണ് ഈ സൗജന്യ യാത്രയുടെ ഗുണഫലം ഏറ്റവും കൂടുതൽ ലഭിക്കുന്നത് എന്ന വസ്തുത ഈ കണക്കുകളിൽനിന്നു വ്യക്തമാണ്.

‘സൗജന്യമാണ്’ എന്ന ഒറ്റക്കാരണം കൊണ്ടുമാത്രം അടിയന്തര പ്രാധാന്യമില്ലാത്ത യാത്രകൾക്കായി പലരും ഈ സൗകര്യം ഉപയോഗിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. ഇത് അത്യാവശ്യക്കാരായ യാത്രക്കാരെ പ്രതികൂലമായി ബാധിക്കുന്നു; ഗതാഗത വകുപ്പ് മന്ത്രിക്കു പോലും ഈ സാഹചര്യത്തെ കുറിച്ച് തുറന്ന് പറയേണ്ടിവന്നു.

ജോലിസ്ഥലങ്ങളിലേക്കും സ്കൂളുകളിലേക്കും സമയം വൈകാതെ എത്തേണ്ടവർ, വയോധികർ, രോഗികൾ തുടങ്ങിയവർക്ക് വലിയ തിരക്കു കാരണം ബസിൽ കയറാനോ സുരക്ഷിതമായി യാത്ര ചെയ്യാനോ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു. ‘സൗജന്യം’ എന്നതിനെ വ്യക്തിഗത സൗകര്യമായി മാത്രം കാണാതെ, അർഹരായവർക്ക് അതു തടസ്സമില്ലാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് പൊതുസമൂഹത്തിന്റെ കടമയാണ്. ഇതിന് പ്രധാനമായും വേണ്ടത് പൊതുജനങ്ങളുടെ സ്വയം നിയന്ത്രണവും ഉത്തരവാദിത്തമുള്ള പെരുമാറ്റവുമാണ്.

അത്യാവശ്യത്തിനല്ലാത്ത യാത്രകൾ രാവിലെയും വൈകുന്നേരവുമുള്ള ഓഫീസ്/സ്കൂൾ സമയങ്ങളിൽ ഒഴിവാക്കുന്നത് തിരക്കു കുറയ്ക്കാൻ സഹായിക്കും. അമിതമായ തിരക്ക് ബസിനുള്ളിലെ യാത്രക്കാരുടെ, പ്രത്യേകിച്ച് ഗർഭിണികളുടെയും കുട്ടികളുമായി യാത്ര ചെയ്യുന്നവരുടെയും സുരക്ഷിതത്വത്തെ ബാധിക്കുന്നു. പ്രായാധിക്യമുള്ളവർക്കോ ആരോഗ്യപ്രശ്നങ്ങളുള്ളവർക്കോ മുൻഗണന നൽകാനും ആവശ്യമെങ്കിൽ വഴിമാറിക്കൊടുക്കാനും യാത്രക്കാർ തയ്യാറാകണം.

ഈ സാഹചര്യത്തെ തരണം ചെയ്യാൻ കെഎസ്ആർടിസിയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ട ഏറ്റവും പ്രധാന നടപടി സർവീസ് വർധിപ്പിക്കുക എന്നതാണ്. കെഎസ്ആർടിസി ബസ്സുകൾ കുറവുള്ള മലബാർ മേഖലയിൽ കൂടുതൽ ബസുകൾ ലഭ്യമാക്കണം. തിരക്കുള്ള റൂട്ടുകളിൽ അതനുസരിച്ച് സർവീസുകൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണം.

ഏതൊരു സാമൂഹിക ക്ഷേമ പദ്ധതിയുടെയും വിജയം സർക്കാരിന്റെ നയങ്ങളിൽ മാത്രമല്ല, അത് ഉപയോഗിക്കുന്ന പൊതുജനങ്ങളുടെ വിവേകപൂർണമായ ഇടപെടലുകളിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്. ആനുകൂല്യങ്ങൾ ആവശ്യക്കാർക്ക് ലഭിക്കുന്നതിൽ ഞാൻ തടസ്സമാകില്ല എന്ന് ഓരോ വ്യക്തിയും തീരുമാനിക്കണം. ■




# മക്കയിലേക്ക് നീളുന്ന ഹൂതി കൈകൾ

റൈഹാൻ ഷഹീദ്
: +971 50 596 0255

**ഫലസ്തീൻ അനുകൂല മുദ്രാവാക്യങ്ങളുടെയും വിപ്ലവ രാഷ്ട്രീയത്തിന്റെയും മറവിൽ, ലോക മുസ്‌ലിംകളുടെ വിശുദ്ധ ഗേഹമായ മക്കയുടെ നേർക്ക് ആയുധങ്ങളുമായി നീങ്ങുന്ന ഹൂതികളുടെ അജണ്ട സുരക്ഷാ താൽപര്യങ്ങളല്ല, മറിച്ച് ഇസ്‌ലാമിക ലോകത്തിന്റെ ഹൃദയത്തിലേക്ക് നുഴഞ്ഞുകയറുന്ന അപര വിദ്വേഷത്തിന്റെയും ഭീകരതയുടെയും നിർമിതിയാണെന്ന് സമൂഹം തിരിച്ചറിയേണ്ടതുണ്ട്.**

മക്ക-ഒരു മുസ്‌ലിമിന് ഈ പേരു കേൾക്കുമ്പോൾ ഒരായിരം ചിന്തകൾ മനസ്സിൽ കയറിവരും. കഅ്ബ, മസ്ജിദുൽ ഹറാം, ഖിബ്‌ല. ഹജ്ജ്, ഉംറ, ഇബ്‌റാഹീം നബി(അ), മുഹമ്മദ് നബി(സ്വ)... എന്നിങ്ങനെ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന കോടിക്കണക്കിനു മുസ്‌ലിംകളുടെ ഹൃദയം ഒരേ ദിശയിലേക്ക് തിരിയുന്ന സ്ഥലം. അത്തരമൊരു നഗരത്തിന്റെ ആകാശത്തേക്ക് ഒരു ആയുധ ഡ്രോൺ നീങ്ങുന്നു എന്ന വാർത്ത തന്നെ ഞെട്ടിക്കുന്നതാണ്.

**ഇന്നത്തെ ഹൂതി പ്രസ്ഥാനം വടക്കൻ യെമനിലെ സൈദി ശിയാ സമൂഹത്തിൽനിന്നാണ് വളർന്നുവന്നത്. സൈദിസം യെമനിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ശിയാ പാരമ്പര്യമാണ്. 1962ൽ യെമനിലെ സൈദി ഇമാമത്ത് അവസാനിക്കുന്നതുവരെ വടക്കൻ യെമനിലെ രാഷ്ട്രീയ ജീവിതത്തിൽ അതിന് വലിയ സ്വാധീനമുണ്ടായിരുന്നു.**

2026 സെപ്റ്റംബർ 15ന് മക്കയുടെ തെക്കുഭാഗത്തേക്ക് എത്തിയ ഒരു ഡ്രോൺ സൗദി വ്യോമപ്രതിരോധസേന തകർത്തതായി അധികൃതർ അറിയിച്ചു. മക്കയുടെ നിയന്ത്രിത വ്യോമപരിധിയിൽ പ്രവേശിക്കുതിനു മുമ്പാണ് ഡ്രോൺ തടഞ്ഞത്. സൗദി നേതൃത്വത്തിലുള്ള സഖ്യസേനയുടെ വക്താവ് തുർക്കി അൽമാലികി ഇത് മക്കയെ ലക്ഷ്യമിട്ടുള്ള ഹൂതികളുടെ രണ്ടാമത്തെ ശ്രമമാണെന്ന് വിശേഷിപ്പിച്ചു. 2017ൽ മക്കയിലേക്കു നീങ്ങിയ ബാലിസ്റ്റിക് മിസൈൽ ആക്രമണമാണ് ആദ്യത്തെത്.

എങ്ങനെയാണു യെമനിലെ ഒരു പ്രാദേശിക സായുധ പ്രസ്ഥാനം ഇന്ന് സൗദി അറേബ്യയുടെ സുരക്ഷയ്ക്ക് വലിയ ഭീഷണിയായി മാറിയത്? ഇതിനു പിന്നിൽ പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ആ ചരിത്രത്തിൽ മതവും രാഷ്ട്രീയവും വിപ്ലവവും വിഭാഗീയതയും പ്രാദേശിക ശക്തിപ്പോരാട്ടവും ഇറാന്റെ ഇടപെടലും എല്ലാം പരസ്പരം ചേരുന്നു.

മക്കയുടെ പവിത്രതയെക്കുറിച്ച് ക്വുർആൻ പറയുന്നു: "തീർച്ചയായും മനുഷ്യർക്കായി സ്ഥാപിക്കപ്പെട്ട ആദ്യത്തെ ഭവനം ബക്കയിലുള്ളതത്രെ. അനുഗ്രഹീതമായതും ലോകർക്ക് മാർഗദർശകവുമാണത്" (ക്വുർആൻ 3:96).

അതുകൊണ്ടുതന്നെ, മക്കയുടെയും അവിടെയെത്തുന്ന വിശ്വാസികളുടെയും സുരക്ഷയും കഅ്ബയുടെ പവിത്രതയുമെല്ലാം കാത്തുസൂക്ഷിക്കൽ പരമപ്രധാനമാണ്. എന്നാൽ, ആ പവിത്ര ഭൂമിയിലേക്ക് ആയുധവുമായി നീങ്ങുന്നവർ ആരാണ്? അവരെ മനസ്സിലാക്കാൻ നമുക്ക് യെമനിന്റെ വടക്കൻ മലനിരകളിലേക്ക് തിരിഞ്ഞുനോക്കേണ്ടിവരും. അവിടെനിന്നാണ് ഹൂതികളുടെ കഥ ആരംഭിക്കുന്നത്.

**ഹൂതികൾ ആരാണ്?**

'ഹൂതി' എന്ന പേര് ഇന്ന് മധ്യപൗരസ്ത്യ രാഷ്ട്രീയത്തിൽ സുപരിചിതമാണ്. എന്നാൽ ഏതാനും പതിറ്റാണ്ടുകൾക്കു മുമ്പ് ഈ പേര് യെമനിലെ സഅ്ദാ പ്രവിശ്യയ്ക്ക് പുറത്തുള്ള ലോകത്തിന് കാര്യമായി പരിചിതമായിരുന്നില്ല. അവരുടെ ഔദ്യോഗിക പേര് 'അൻസാറുല്ലാഹ്' എന്നാണ്. 'അല്ലാഹുവിന്റെ സഹായികൾ' എന്ന് അർഥം വരുന്ന ഈ പേര് അവരുടെ മത-രാഷ്ട്രീയ സ്വഭാവം തന്നെ സൂചിപ്പിക്കു ന്നതാണ്.

ഇന്നത്തെ ഹൂതി പ്രസ്ഥാനം വടക്കൻ യെമനിലെ സൈദി ശിയാ സമൂഹത്തിൽനിന്നാണ് വളർന്നുവന്നത്. സൈദിസം യെമനിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ശിയാ പാരമ്പര്യമാണ്. 1962ൽ യെമനിലെ സൈദി ഇമാമത്ത് അവസാനിക്കുന്നതുവരെ വടക്കൻ യെമനിലെ രാഷ്ട്രീയ ജീവിതത്തിൽ അതിന് വലിയ സ്വാധീനമുണ്ടായിരുന്നു.

സൈദിസവും ഇറാനിലെ ഭൂരിപക്ഷമായ ഇമാമിയ്യ, അഥവാ 'ഇസ്നാ അശരിയ്യ' ശിയാസവും ഒന്നല്ല. സൈദികൾ പന്ത്രണ്ട് ഇമാമുമാർ എന്ന സിദ്ധാന്തം അംഗീകരിക്കുന്നില്ല. ഇമാമിന്റെ പാപരാഹിത്യത്തെക്കുറിച്ചുള്ള വിശ്വാസവും അവർ അതേ രൂപത്തിൽ അംഗീകരിക്കുന്നില്ല. ചരിത്രപര

**ഒരു സമൂഹത്തിന്റെ മതപരമായ വ്യതിയാനം ഒരു രാഷ്ട്രീയ വിപ്ലവത്തിന്റെ ഭാഷ സ്വീകരിക്കുമ്പോൾ സ്ഥിതി മാറുന്നു. അതിന് സംഘടന ലഭിക്കുന്നു. പിന്നീട് ആയുധം ലഭിക്കുന്നു. പിന്നീട് അധികാരം നേടാനുള്ള ലക്ഷ്യം വരുന്നു. അവസാനം മതപരമായ ആശയങ്ങളും രാഷ്ട്രീയ അധികാരവും സൈനിക ശക്തിയും ഒരേ പ്രസ്ഥാനത്തിൽ ഒന്നിക്കുന്നു. ഹൂതികളുടെ ചരിത്രത്തിൽ സംഭവിച്ചത് ഇതായിരുന്നു. അതുകൊണ്ട് ഹൂതികളെ മനസ്സിലാക്കാൻ 'അവർ ഇറാന്റെ പിന്തുണയുള്ള യെമനികൾ' എന്നു മാത്രം പറയുന്നത് അപര്യാപ്തമാണ്.**

യെമൻ സർക്കാരും ഹൂതികളും തമ്മിൽ ആറു ഘട്ടങ്ങളിലായി യുദ്ധം നടന്നു.

ഇവിടെ ഒരു പ്രാദേശിക മതപ്രസ്ഥാനം പതിയെ ഒരു രാഷ്ട്രീയ പ്രസ്ഥാനമായി മാറുകയായിരുന്നു. പിന്നീട് അത് ഒരു സായുധ പ്രസ്ഥാനമായി. അതിനുശേഷം ഒരു രാജ്യത്തിന്റെ തലസ്ഥാനം പിടിച്ചട ക്കാൻ ശേഷിയുള്ള ശക്തിയായി. ഒടുവിൽ അതിന് ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് അയൽ രാജ്യങ്ങളെയും ചെങ്കടൽ കപ്പൽഗതാഗതത്തെയും ഭീഷണിപ്പെടുത്താൻ കഴിയുന്ന അവസ്ഥയിലെത്തി. ഈ മാറ്റം എങ്ങനെ സംഭവിച്ചു? അതിന്റെ ഉത്തരം ഹൂതികളുടെ ആശയപരമായ പരിണാമത്തിൽ അന്വേഷിക്കണം.

### സൈദിസത്തിൽ നിന്ന് ഹൂതി ആശയത്തിലേക്ക്

ഹൂതികളെ മനസ്സിലാക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം അവരുടെ ആശയപരമായ പരിവർത്തനമാണ്. കാരണം അത് ഒരു മതപുനരുജ്ജീവന പ്രസ്ഥാനത്തിൽനിന്നാണ് ആരംഭിക്കുന്നത്. വടക്കൻ യെമനിലെ സൈദി സമൂഹത്തിൽ ഉണ്ടായിരുന്ന ആശയപരമായ ആശങ്കകൾക്ക് പിന്നിൽ പല കാരണങ്ങളുണ്ടായിരുന്നു. 1962ലെ വിപ്ലവത്തോടെ സൈദി ഇമാമത്ത് അവസാനിച്ചു. അതോടെ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഒരു മത-രാഷ്ട്രീയ വ്യവസ്ഥ തകർന്നു. പിന്നീട് സൈദി മതപാരമ്പര്യത്തെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെട്ടു. അതോടൊപ്പം സലഫി ദഅ്‌വയുടെ വളർച്ചയെയും അവർ ഒരു വെല്ലുവിളിയായി കാണാൻ തുടങ്ങി.

ഇവിടെനിന്നാണ് നാം നേരത്തെ സൂചിപ്പിച്ച 'ബിലീവിംഗ് യൂത്ത്' പോലുള്ള പ്രസ്ഥാനങ്ങൾ രൂപപ്പെട്ടത്. എന്നാൽ ഹുസൈൻ അൽഹൂതിയുടെ കാലത്ത് കാമായ സൈദിസത്തിന് സുന്നി പാരമ്പര്യവുമായി ചില കാര്യങ്ങളിൽ കൂടുതൽ സാമീപ്യവുമുണ്ടായിരുന്നു. എന്നാൽ ഇവിടെ നിന്നാണ് ഹൂതി പ്രസ്ഥാനത്തിന്റെ ചരിത്രം കൂടുതൽ സങ്കീർണമാകുന്നത്.

ഇന്നത്തെ ഹൂതി പ്രസ്ഥാനത്തെ 'പരമ്പരാഗത സൈദിസം' എന്ന് വിശേഷിപ്പിച്ചാൽ അതിന്റെ രാഷ്ട്രീയവും ആശയപരവുമായ പരിവർത്തനം നമുക്ക് മനസ്സിലാകില്ല. 1970കളുടെ അവസാനത്തിലും 1980കളിലും ഇറാനിൽ നടന്ന വിപ്ലവം യെമനിലെ ചില സൈദി മത -രാഷ്ട്രീയ വൃത്തങ്ങ ളിലും സ്വാധീനം ചെലുത്തി. സൈദി പാരമ്പര്യത്തെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ ശക്തമായി. ബദ്റുദ്ദീൻ അൽഹൂതിയും അദ്ദേഹത്തിന്റെ മകൻ ഹുസൈൻ അൽഹൂതിയും ഈ പശ്ചാത്തലത്തിൽ ഉയർന്നുവന്നു. 1980കളിൽ രൂപം കൊണ്ട 'ബിലീവിംഗ് യൂത്ത്' എന്ന മതപഠന പ്രസ്ഥാനവുമായി അൽഹൂതി കുടുംബത്തിന് ബന്ധമുണ്ടായിരുന്നു. പിന്നീട് ഹുസൈൻ അൽഹൂതിയുടെ നേതൃത്വത്തിൽ ഈ പ്രസ്ഥാനം കൂടുതൽ രാഷ്ട്രീയവൽക്കരിക്കപ്പെടുകയും സായുധ സംഘർഷത്തിലേക്ക് നീങ്ങുകയും ചെയ്തു.

2004ൽ യെമൻ സർക്കാരും ഹുസൈൻ അൽഹൂതിയുടെ അനുയായികളും തമ്മിൽ സായുധ സംഘർഷം പൊട്ടിപ്പുറപ്പെട്ടു. ഹുസൈൻ അൽഹൂതി കൊല്ലപ്പെട്ടെങ്കിലും പ്രസ്ഥാനം അവസാനിച്ചില്ല. പിന്നീട് അദ്ദേഹത്തിന്റെ സഹോദരൻ അബ്ദുൽ മലിക് അൽഹൂതി പ്രസ്ഥാനത്തിന്റെ പ്രധാന നേതാവായി ഉയർന്നു. 2004 മുതൽ 2010 വരെ

ഇറാനിയൻ വിപ്ലവത്തിന്റെ നിഴലിൽ

ഹൂതികളുടെ ചരിത്രത്തിലെ നിർണായക വഴിത്തിരിവുകളിലൊന്ന് ഇറാനിയൻ വിപ്ലവത്തിന്റെ സ്വാധീനമാണ്. 1979ൽ ഇറാനിൽ നടന്ന വിപ്ലവം ഒരു ഭരണകൂടത്തെ മാറ്റിമറിച്ചു. മതത്തിന്റെ ഭാഷ ഉപയോഗിച്ച് ഒരു വിപ്ലവ രാഷ്ട്രീയവ്യവസ്ഥ രൂപപ്പെടുത്തുകയും അതിനെ രാജ്യത്തിന്റെ അതിർത്തികൾക്കപ്പുറത്തേക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത ഒരു പുതിയ മാതൃകയായിരുന്നു അത്.

ഇറാനിലെ ഇസ്‌ലാമിക് റിപ്പബ്ലിക് പിന്നീട് മധ്യപൗരസ്ത്യത്തിലെ വിവിധ സായുധ-രാഷ്ട്രീയ സംഘടനകളുമായി ബന്ധം സ്ഥാപിച്ചു. പരിശീലനം, ആയുധം, സാമ്പത്തിക സഹായം, സൈനിക ഉപദേശം എന്നിവയിലൂടെ ഈ ബന്ധങ്ങൾ ക്രമേണ ശക്തിപ്പെട്ടു. ഇറാന്റെ റെവല്യൂഷണറി ഗാർഡിലെ ഖുദ്സ് ഫോഴ്സ് ഇത്തരം ബന്ധങ്ങളുടെ പ്രധാന ഉപാധിയായി പ്രവർത്തിച്ചു. ഹൂതികൾക്ക് സ്വന്തമായ യെമനി വേരുകളുണ്ട്. എന്നാൽ പിന്നീട് ഇറാനിയൻ വിപ്ലവത്തിന്റെ ആശയങ്ങളും രാഷ്ട്രീയ ഭാഷയും സൈനിക മാതൃകകളും അവരുടെ വളർച്ചയിൽ സ്വാധീനം ചെലുത്തി.

കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനിടെ ഇറാന്റെ പിന്തുണ ഹൂതികളുടെ സൈനിക ശേഷി വളർത്തുന്നതിൽ നിർണായകമായിരുന്നു. ആയുധങ്ങൾ, പരിശീലനം, ഇന്റലിജൻസ് സഹായം, ഡ്രോൺ-മിസൈൽ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഇറാന്റെ പിന്തുണ ലഭിച്ചതായി നിരവധി പഠനങ്ങൾ രേഖപ്പെടുത്തുന്നു.

ര്യങ്ങൾ മറ്റൊരു ദിശയിലേക്കു നീങ്ങി. അമേരിക്കൻ സ്വാധീനം, ഇസ്രായേൽ, സൗദി അറേബ്യ, യെമൻ ഭരണകൂടം... ഇവയെല്ലാം ചേർത്ത് ഒരു വിപ്ലവപരമായ രാഷ്ട്രീയഭാഷ രൂപപ്പെട്ടു. സൈദിസത്തിനുള്ളിൽ തന്നെ വ്യത്യസ്ത ആശയധാരകൾ ഉണ്ടായിരുന്നുവെന്നത് ഇവിടെ പ്രത്യേകം ഓർക്കണം. എല്ലാ സൈദികളും ഹൂതികളല്ല. എല്ലാ സൈദി കളും ഹൂതി ആശയത്തെ പിന്തുണയ്ക്കുന്നുമില്ല. എന്നാൽ ഹൂതി പ്രസ്ഥാനത്തിനുള്ളിൽ കൂടുതൽ തീവ്രമായ ചില സൈദി രാഷ്ട്രീയ-മത വ്യാഖ്യാനങ്ങൾ ശക്തിപ്പെട്ടു. പ്രത്യേകിച്ച് ജാറൂദിയ്യ എന്ന സൈദി ധാരയെക്കുറിച്ചുള്ള പഠനങ്ങൾ, ആദ്യകാല ഇസ്‌ലാമിക രാഷ്ട്രീയ നേതൃത്വത്തെക്കുറിച്ചുള്ള അതിന്റെ നിലപാടുകളിൽ ഇസ്നാ അശരിയ്യ ശിയാഇസത്തോട് ചില പ്രധാന സാമ്യങ്ങൾ ഉണ്ടായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നു. അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരെക്കുറിച്ചുള്ള ജാറൂദിയ്യയുടെ നിലപാടുകൾ പരമ്പരാഗത സുന്നി വിശ്വാസത്തിൽനിന്ന് വ്യക്തമായി വ്യത്യസ്തമാണ്.

ഇവിടെയാണ് അഖീദയുടെ പ്രശ്നം രാഷ്ട്രീയത്തിന്റെ പ്രശ്നവുമായി ചേരുന്നത്. ഒരു സമൂഹത്തിന്റെ മതപരമായ വ്യതിയാനം ഒരു രാഷ്ട്രീയ വിപ്ലവത്തിന്റെ ഭാഷ സ്വീകരിക്കുമ്പോൾ സ്ഥിതി മാറുന്നു. അതിന് സംഘടന ലഭിക്കുന്നു. പിന്നീട് ആയുധം ലഭിക്കുന്നു. പിന്നീട് അധികാരം നേടാനുള്ള ലക്ഷ്യം വരുന്നു. അവസാനം മതപരമായ ആശയങ്ങളും രാഷ്ട്രീയ അധികാരവും സൈനിക ശക്തിയും ഒരേ പ്രസ്ഥാനത്തിൽ ഒന്നിക്കുന്നു. ഹൂതികളുടെ ചരിത്രത്തിൽ സംഭവിച്ചത് ഇതായിരുന്നു. അതുകൊണ്ട് ഹൂതികളെ മനസ്സിലാക്കാൻ 'അവർ ഇറാന്റെ പിന്തുണയുള്ള യെമനികൾ' എന്നു മാത്രം പറയുന്നത് അപര്യാപ്തമാണ്. 'അവർ സൈദികളാണ്' എന്നു മാത്രം പറയുന്നതും അപര്യാപ്തമാണ്. അവരുടെ ചരിത്രത്തിൽ സൈദി പാരമ്പര്യമുണ്ട്. അതോടൊപ്പം അതിനെ പുനർവ്യാഖ്യാനിച്ച ഒരു വിപ്ലവ രാഷ്ട്രീയമുണ്ട്. അതിനു പിന്നിൽ പിന്നീട് ശക്തിപ്പെട്ട ഇറാനിയൻ സ്വാധീനമുണ്ട്. ഇവയെല്ലാം ചേർന്നാണ് ഇന്നത്തെ ഹൂതി പ്രസ്ഥാനം രൂപപ്പെട്ടത്.



**ഇറാൻ ഭരണകൂടം പിന്നീട് മധ്യപൗരസ്ത്യത്തിലെ വിവിധ സായുധ-രാഷ്ട്രീയ സംഘടനകളുമായി ബന്ധം സ്ഥാപിച്ചു. പരിശീലനം, ആയുധം, സാമ്പത്തിക സഹായം, സൈനിക ഉപദേശം എന്നിവയിലൂടെ ഈ ബന്ധങ്ങൾ ക്രമേണ ശക്തിപ്പെട്ടു. ഇറാന്റെ റെവല്യൂഷണറി ഗാർഡിലെ ഖുദ്സ് ഫോഴ്സ് ഇത്തരം ബന്ധങ്ങളുടെ പ്രധാന ഉപാധിയായി പ്രവർത്തിച്ചു. ഹൂതികൾക്ക് സ്വന്തമായ യെമനി വേരുകളുണ്ട്.എന്നാൽ പിന്നീട് ഇറാനിയൻ വിപ്ലവത്തിന്റെ ആശയങ്ങളും രാഷ്ട്രീയ ഭാഷയും സൈനിക മാതൃകകളും അവരുടെ വളർച്ചയിൽ സ്വാധീനം ചെലുത്തി.**

2026ലെ CFR വിലയിരുത്തലിൽ ഇറാനെ ഹൂതികളുടെ പ്രധാന അന്താരാഷ്ട്ര പിന്തുണക്കാരനായി വിശേഷിപ്പിക്കുകയും, IRGC വഴി ആയുധങ്ങളും പരിശീലനവും ഇന്റലിജൻസ് സഹായവും ലഭിച്ചതായി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട് ഹൂതി പ്രസ്ഥാനത്തിന്റെ പരിണാമത്തെ മൂന്നു ഘട്ടങ്ങളായി കാണാം:

- *ആദ്യഘട്ടം:* വടക്കൻ യെമനിലെ സൈദി മതപുനരുജ്ജീവനം.
- *രണ്ടാംഘട്ടം:* അതിന്റെ രാഷ്ട്രീയവൽക്കരണവും സായുധവൽക്കരണവും.
- *മൂന്നാംഘട്ടം:* ഇറാനുമായി ആഴത്തിലുള്ള സൈനിക-രാഷ്ട്രീയ ബന്ധം സ്ഥാപിച്ച് പ്രാദേശിക ശക്തിയായി മാറിയത്.

ഇതിൽ മൂന്നാമത്തെ ഘട്ടമാണ് ഇന്ന് മക്കയുടെ ആകാശത്ത് എത്തുന്ന ഡ്രോണുകളെ മനസ്സിലാക്കുന്നതിന് പ്രത്യേക പ്രാധാന്യമുള്ളത്.

### ഇറാൻ, ഹിസ്ബുല്ല, ഹൂതികൾ: ഒരേ മാതൃകയുടെ വ്യത്യസ്ത രൂപങ്ങൾ

1979ലെ ഇറാനിയൻ വിപ്ലവത്തിനു ശേഷം ഇറാൻ ലെബനനിലെ ശിയാ വിഭാഗങ്ങളുമായി ബന്ധം ശക്തിപ്പെടുത്തി. 1980കളിൽ ഇറാനിയൻ റെവല്യൂഷണറി ഗാർഡ് ഹിസ്ബുല്ലയുടെ രൂപീകരണത്തിലും പരിശീലനത്തിലും ആയുധവൽക്കരണത്തിലും നിർണായക പങ്കുവഹിച്ചു. പിന്നീട് ഹിസ്ബുല്ല ഇറാന്റെ ഏറ്റവും ശക്തമായ പ്രാദേശിക സഖ്യകക്ഷികളിലൊന്നായി മാറി.

മതപരമായ ആശയം, സാമൂഹിക സംഘടന, രാഷ്ട്രീയ പ്രവർത്തനം, സായുധസേന തുടങ്ങിയ ഘടകങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നത് ഇറാന് തന്ത്രപരമായ നേട്ടം നൽകി. സ്വന്തം സൈന്യത്തെ അയച്ച് ഓരോ സ്ഥലത്തും നേരിട്ടു യുദ്ധം ചെയ്യേണ്ടതില്ല. പ്രാദേശിക സാഹചര്യത്തിൽ വേരുകളുള്ള ഒരു പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക, ആശയപരമായ പിന്തുണ നൽകുക, ആയുധവും പരിശീലനവും നൽകുക, സാങ്കേതികവിദ്യ കൈമാറുക. പിന്നീട് അത് സ്വന്തം രാജ്യത്തിനുള്ളിൽ ശക്തമായ ഒരു സായുധ-രാഷ്ട്രീയ ശക്തിയായി വളരുന്നു. ഇത്തരം സംഘടനകളുമായി ഇറാൻ സ്ഥാപിച്ച ബന്ധങ്ങളെക്കുറിച്ച് പഠിക്കുന്ന വിദഗ്ധർ ‘പ്രോക്സി’ എന്ന പദം ഉപയോഗിക്കാറുണ്ട്.

ഇവിടെ ഒരു ഭൗമരാഷ്ട്രീയ കണക്കുകൂട്ടലുമുണ്ട്. ഇറാന്റെ പ്രധാന എതിരാളികളിൽ ഒന്നാണ് സൗദി അറേബ്യ. സൗദിയുടെ തെക്കൻ അതിർത്തിയിൽ ഇറാനുമായി ബന്ധമുള്ള ശക്തമായ ഒരു സായുധ പ്രസ്ഥാനം നിലനിൽക്കുന്നത് ഇറാനിൻ തന്ത്രപരമായ നേട്ടമാണ്. ഇതിനൊപ്പം യെമന്റെ സ്ഥാനം കൂടി കണക്കിലെടുക്കണം. ചെങ്കടലിനും അറബിക്കടലിനും ഇടയിലുള്ള ബാബുൽ മന്ദബ് കടലിടുക്ക് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കടൽപാതകളിലൊന്നാണ്.

ഈ പ്രദേശത്ത് ശക്തമായ ഒരു സായുധ സംഘടനയ്ക്ക് വലിയ സമ്മർദശേഷി ലഭിക്കുന്നു. അത് ഒരു രാജ്യത്തെ മാത്രമല്ല, അന്താരാഷ്ട്ര കപ്പൽഗതാഗതം, ഊർജവിതരണം, പ്രാദേശിക വ്യാപാരം, സൗദിയുടെ സുരക്ഷ, ചെങ്കടലിന്റെ സ്ഥിരത എന്നിവയെയെല്ലാം ബാധിക്കുന്നു.

### സഅ്ദയിൽ നിന്ന് സനായിലേക്ക്: അധികാരത്തിലേക്കുള്ള യാത്ര

ഒരു സായുധ പ്രസ്ഥാനം എപ്പോഴാണ് യഥാർഥ രാഷ്ട്രീയ ശക്തിയായി മാറുന്നത്? ഒരു രാജ്യത്തിന്റെ തലസ്ഥാനം അതിന്റെ നിയന്ത്രണത്തിലാകുമ്പോൾ. ഹൂതികളുടെ ചരിത്രത്തിൽ ആ നിമിഷം

2014ൽ എത്തി. 2011ലെ അറബ് വസന്തത്തിന്റെ പ്രക്ഷോഭങ്ങൾ യെമനിലും വലിയ രാഷ്ട്രീയ മാറ്റങ്ങൾക്ക് വഴിതുറന്നു. ദീർഘകാലം അധികാരത്തിലിരുന്ന അലി അബ്ദുല്ലാ സ്വാലിഹ് സ്ഥാനമൊഴിഞ്ഞു. അബ്ദുറബ്ബുഹ് മൻസൂർ ഹാദിയുടെ നേതൃത്വത്തിൽ ഒരു രാഷ്ട്രീയ പരിവർത്തന പ്രക്രിയ ആരംഭിച്ചു. എന്നാൽ യെമന്റെ രാഷ്ട്രീയ പ്രശ്നങ്ങൾ അവസാനിച്ചില്ല. ഹൂതികൾ വടക്കൻ യെമനിൽ അവരുടെ സ്വാധീനം വർധിപ്പിച്ചുകൊണ്ടിരുന്നു. രാഷ്ട്രീയ പരിവർത്തന പ്രക്രിയയോടുള്ള അസംതൃപ്തിയും സൈനിക ശക്തിയും ഉപയോഗിച്ച് അവർ കൂടുതൽ പ്രദേശങ്ങൾ പിടിച്ചെടുത്തു.

2014 സെപ്റ്റംബറിൽ ഹൂതി സേന സനായിൽ പ്രവേശിച്ചു. തുടർന്ന് തലസ്ഥാനം അവരുടെ നിയന്ത്രണത്തിലായി. ഇവിടെ ഹൂതികൾക്ക് ഒരു പ്രധാന രാഷ്ട്രീയ സഖ്യവും ലഭിച്ചു. മുൻ പ്രസിഡന്റ് അലി അബ്ദുല്ലാ സ്വാലിഹിന്റെ അനുയായികളുമായി അവർ താൽക്കാലിക സഖ്യമുണ്ടാക്കി. ഒരിക്കൽ പരസ്പരം പോരാടിയിരുന്ന ശക്തികൾ ഒരു പൊതു രാഷ്ട്രീയ ശത്രുവിനെതിരെ ഒന്നിച്ചു. 2015 ജനുവരിയിൽ ഹൂതികൾ പ്രസിഡന്റിന്റെ കൊട്ടാരവും പ്രധാന സർക്കാർ സ്ഥാപനങ്ങളും കൈവശപ്പെടുത്തി. ഹാദി രാജിവെക്കാൻ സമ്മർദത്തിലായി. പിന്നീട് സനായിൽനിന്ന് രക്ഷപ്പെട്ട അദ്ദേഹം ഏദനിലെത്തി. അവിടെനിന്ന് സൗദി അറേബ്യയോട് അന്താരാഷ്ട്ര ഇടപെടൽ ആവശ്യപ്പെട്ടു. തുടർന്ന് ഹൂതികളുടെ മുന്നേറ്റം തെക്കോട്ടു തുടർന്നു. ഏദൻ ലക്ഷ്യമാക്കപ്പെട്ടു. ഇതോടെ പ്രശ്നം ഒരു ആഭ്യന്തര രാഷ്ട്രീയ തർക്കത്തിന്റെ പരിധി കടന്നു.

സൗദി അറേബ്യയുടെ തെക്കൻ അതിർത്തിക്ക് തൊട്ടടുത്ത്, ഇറാനുമായി ബന്ധം ശക്തിപ്പെട്ട ഒരു സായുധ പ്രസ്ഥാനം യെമന്റെ തലസ്ഥാനം പിടിച്ചെടുത്തു. സൗദിയുടെ കാഴ്ചപ്പാടിൽ ഇത് ഒരു സാധാരണ യെമനി രാഷ്ട്രീയ പ്രശ്നമല്ലായിരുന്നു. അതിർത്തി സുരക്ഷയുടെ പ്രശ്നം, പ്രാദേശിക ശക്തിസമവാക്യത്തിന്റെ പ്രശ്നം, ഇറാന്റെ വളരുന്ന സ്വാധീനത്തിന്റെ പ്രശ്നം, ചെങ്കടലിന്റെയും ബാബുൽ മന്ദബിന്റെയും സുരക്ഷയുടെ പ്രശ്നം... ഇതെല്ലാം ഒരുമിച്ചെത്തി.




അതിനിടയിൽ ഹൂതികളുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങൾ വികസിച്ചു. യെമൻ സർക്കാരിന്റെ അധികാരം തകർന്നു. ഇറാന്റെ പിന്തുണയോടെ വളർന്ന ഒരു സായുധ പ്രസ്ഥാനം രാജ്യത്തിന്റെ വലിയൊരു ഭാഗത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. അപ്പോൾ സൗദി അറേബ്യ ഒരു തീരുമാനത്തിനു മുന്നിൽ എത്തി; കൈകെട്ടി നോക്കിനിൽക്കണോ, അതല്ല യെമനിൽ സൈനികമായി ഇടപെടണോ? 2015 മാർച്ചിൽ അതിന്റെ ഉത്തരം ലോകം കണ്ടു.

സൗദിയുടെ നേതൃത്വത്തിലുള്ള സഖ്യസേന യെമനിൽ സൈനികനടപടി ആരംഭിച്ചു. അതോടെ ഹൂതികളും സൗദിയും തമ്മിൽ നേരിട്ടുള്ള സംഘർഷത്തിന്റെ പുതിയ അധ്യായം ആരംഭിച്ചു. ഹൂതികൾ സൗദിയുടെ ശത്രുക്കളായത് വെറും അതിർത്തിത്തർക്കത്തിന്റെ പേരിലായിരുന്നോ? അല്ല! അതിന്റെ പിന്നിൽ യെമന്റെ അധികാരപ്പോരാട്ടവും ഇറാൻ-സൗദി പ്രാദേശിക മത്സരവും ഹൂതികളുടെ വിപ്ലവ ആശയവും സൈനിക വളർച്ചയുമെല്ലാം ഉണ്ടായിരുന്നു.

### സൗദി അറേബ്യ എന്തുകൊണ്ട് യെമനിൽ ഇടപെട്ടു?

2014ൽ സനായുടെ നിയന്ത്രണം ഹൂതികൾ ഏറ്റെടുത്തതോടെ യെമന്റെ രാഷ്ട്രീയ പ്രതിസന്ധി പുതിയ ഘട്ടത്തിലേക്കു

കടന്നു. ആ സായുധ പ്രസ്ഥാനം രാജ്യത്തിന്റെ തലസ്ഥാനം കൈവശപ്പെടുത്തിയിരുന്നു. അന്താരാഷ്ട്രീയമായി അംഗീകരിക്കപ്പെട്ട ഭരണകൂടത്തിന്റെ അധികാരം തകർന്നുകൊണ്ടിരുന്നു. ഹൂതികൾ തെക്കോട്ടു മുന്നേറുകയും ചെയ്തു.

നേരത്തെ സൂചിപ്പിച്ചതുപോലെ, ഹൂതികൾ ഏദനിലേക്കും മുന്നേറിയതോടെ ഹാദി സൗദി അറേബ്യയോട് സഹായം അഭ്യർഥിച്ചു. തുടർന്ന് 2015 മാർച്ചിൽ സൗദിയുടെ നേതൃത്വത്തിൽ അറബ് രാജ്യങ്ങളുടെ ഒരു സഖ്യം യെമനിൽ സൈനിക നടപടി ആരംഭിച്ചു. ലക്ഷ്യം ഹൂതികളുടെ മുന്നേറ്റം തടയുകയും യെമൻ ഭരണകൂടത്തെ പുനഃസ്ഥാപിക്കുകയും ചെയ്യുകയായിരുന്നു. ഇറാന്റെ സ്വാധീനം സൗദിയുടെ തെക്കൻ അതിർത്തിവരെ എത്തുന്ന സാഹചര്യം രൂപപ്പെടുകയായിരുന്നു. ഇവിടെ സൗദിയുടെ സുരക്ഷാ ആശങ്ക മനസ്സിലാക്കേണ്ടതുണ്ട്. ഒരു രാജ്യത്തിന്റെ അതിർത്തിക്കപ്പുറത്ത് ശത്രുതാപരമായ നിലപാടുള്ള ഒരു സായുധസംഘടന ശക്തിപ്പെടുകയും അതിന് ദീർഘദൂര മിസൈലുകളും ഡ്രോണുകളും ലഭിക്കുകയും ചെയ്യുമ്പോൾ അത് സ്വാഭാവികമായും ദേശീയ സുരക്ഷാ പ്രശ്നമായി മാറും.

പിന്നീടുള്ള വർഷങ്ങൾ ഈ ആശങ്ക വെറും ഊഹമായിരുന്നില്ലെന്നു തെളിയിച്ചു. ഹൂതികൾ സൗദിക്കെതിരെ ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ചു. സൗദിയിലെ വിമാനത്താവളങ്ങളും സൈനിക കേന്ദ്രങ്ങളും എണ്ണ അടിസ്ഥാനസൗകര്യങ്ങളും ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ റിപ്പോർട്ട്

**ഹൂതികൾക്ക് സ്വന്തമായ യെമനി വേരുകളുണ്ട്. എന്നാൽ പിന്നീട് ഇറാനിയൻ വിപ്ലവത്തിന്റെ ആശയങ്ങളും രാഷ്ട്രീയ ഭാഷയും സൈനിക മാതൃകകളും അവരുടെ വളർച്ചയിൽ സ്വാധീനം ചെലുത്തി. ആയുധങ്ങൾ, പരിശീലനം, ഇന്റലിജൻസ് സഹായം, ഡ്രോൺ-മിസൈൽ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഇറാന്റെ പിന്തുണ ലഭിച്ചതായി നിരവധി പഠനങ്ങൾ രേഖപ്പെടുത്തുന്നു. 2026ലെ CFR വിലയിരുത്തലിൽ ഇറാനെ ഹൂതികളുടെ പ്രധാന അന്താരാഷ്ട്ര പിന്തുണക്കാരനായി വിശേഷിപ്പിക്കുകയും, IRGC വഴി ആയുധങ്ങളും പരിശീലനവും ഇന്റലിജൻസ് സഹായവും ലഭിച്ചതായി രേഖപ്പെടുത്തുകയും ചെയ്യുന്നു.**

ചെയ്യപ്പെട്ടു. അങ്ങനെ യെമനിലെ യുദ്ധം സൗദിയുടെ അതിർത്തിക്കുള്ളിലേക്ക് കടന്നു. 2017ൽ മക്കയിലേക്ക് നീങ്ങിയ ബാലിസ്റ്റിക് മിസൈലും ഈ പശ്ചാത്തലത്തിലാണ് ശ്രദ്ധേയമായത്. സൗദി മിസൈൽ മക്കയെ ലക്ഷ്യമിട്ടതാണെന്ന് വ്യക്തമാക്കി അതിനെ തടഞ്ഞതായി അറിയിച്ചു. കഴിഞ്ഞ ആഴ്ചയിലെ സംഭവത്തോടെ ആ പഴയ ആശങ്ക വീണ്ടും മുന്നിലെത്തി.

മക്കയുടെ പവിത്രതയെക്കുറിച്ച് എന്താണ് നമ്മുടെ വിശ്വാസം? അത് ഒരു സാധാരണ നഗരമാണോ? അല്ലാഹു, കഅ്ബയെന്ന പരിശുദ്ധ ഭവനത്തെ ജനങ്ങളുടെ നിലനിൽപ്പിനുള്ള ആധാരമാക്കിയിരിക്കുന്നു എന്ന് ഖുർആൻ (5:97) പറയുന്നു. അതുകൊണ്ട് ആ കഅ്ബ നിലകൊള്ളുന്ന മക്കയെ സംരക്ഷിക്കാനുള്ള സൗദിയുടെ ഉത്തരവാദിത്തത്തെ മനസ്സിലാക്കാതെ ഈ സംഘർഷത്തെ വിലയിരുത്തുന്നത് അപൂർണമായിരിക്കും. ഒരു യുദ്ധത്തിലെ ഓരോ നടപടിയും പ്രത്യേകം പരിശോധിക്കപ്പെടാം. യെമനിലെ സാധാരണ ജനങ്ങളുടെ ദുരിതവും അവഗണിക്കാനാവില്ല. പക്ഷേ, അതോടൊപ്പം ഒരു സത്യംകൂടി അംഗീകരിക്കണം; ഹൂതികളുടെ വളർച്ചയും ഇറാനുമായുള്ള അവരുടെ ബന്ധവും സൗദിയുടെ സുരക്ഷയ്ക്ക് യഥാർഥമായ ഒരു വെല്ലുവിളി സൃഷ്ടിച്ചിരുന്നു.

### ഹൂതികളുടെ യഥാർഥ മുഖം

ഹൂതികളെക്കുറിച്ച് സംസാരിക്കുമ്പോൾ ഇന്ന് ഏറ്റവും കൂടുതൽ കേൾക്കുന്നത് 'പ്രതിരോധം,' 'ഫലസ്തീൻ,' 'ഗസ്സ,' 'ഇസ്രായേൽ വിരോധം,' 'അമേരിക്കൻ വിരോധം' പോലുള്ള വാക്കുകളാണ്. ഇവയാണ് അവരുടെ അന്താരാഷ്ട്ര പ്രചാരണത്തിന്റെ പ്രധാന ഭാഗങ്ങൾ. 2023 ഒക്ടോബറിനു ശേഷം ഗസ്സയിലെ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഹൂതികൾ, ഇസ്രായേലുമായി ബന്ധമുള്ളതെന്ന് അവർ ആരോപിക്കുന്ന കപ്പലുകൾക്കെതിരെ ചെങ്കടലിൽ ആക്രമണങ്ങൾ ആരംഭിച്ചു. ഇസ്രായേലിനെ ലക്ഷ്യമിട്ട് മിസൈലുകളും ഡ്രോണു

കളും പ്രയോഗിച്ചതായും അവർ പ്രഖ്യാപിച്ചു. ഫലസ്തീനോടുള്ള ഐക്യദാർഢ്യമാണ് ഈ ആക്രമണങ്ങളുടെ കാരണമെന്ന് ഹൂതികൾ അവകാശപ്പെട്ടു.

ഫലസ്തീനോടുള്ള മുസ്‌ലിംകളുടെ സ്നേഹം യാഥാർഥ്യമാണ്. ഗസ്സയിലെ മുസ്‌ലിംകളുടെ ദുരിതം കാണുമ്പോൾ വേദനിക്കുന്നത് സ്വാഭാവികമാണ്. അധിനിവേശത്തെയും അനീതിയെയും എതിർക്കേണ്ടതുമുണ്ട്. പക്ഷേ, ഒരു പ്രസ്ഥാനത്തിന്റെ തൊലിപ്പുറത്തുള്ള വാദം നന്നായതുകൊണ്ട് മാത്രം ആ പ്രസ്ഥാനത്തിന്റെ ആശയം ശരിയാകുന്നില്ല. ഒരു വിഭാഗം ഫലസ്തീനെക്കുറിച്ച് സംസാരിക്കുന്നു എന്നതുകൊണ്ട് അതിന്റെ മറ്റു രാഷ്ട്രീയ-മത നിലപാടുകൾ ചോദ്യം ചെയ്യപ്പെടാതിരിക്കേണ്ടതില്ല.

ഹൂതികളുടെ കാര്യത്തിൽ ഈ പരിശോധന നടത്തുമ്പോൾ ചിത്രം കൂടുതൽ വ്യക്തമായി വരുന്നു. ഇത് ഫലസ്തീൻ അനുകൂല പ്രസ്ഥാനമല്ല. വടക്കൻ യെമനിൽ സായുധ പോരാട്ടത്തിലൂടെ വളർന്ന ഒരു പ്രസ്ഥാനമാണ്. യെമന്റെ തലസ്ഥാനം പിടിച്ചെടുത്ത ഒരു പ്രസ്ഥാനമാണ്. ഇറാനിൽനിന്ന് സൈനിക പിന്തുണ നേടിയ ഒരു പ്രസ്ഥാനമാണ്. ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും വികസിപ്പിച്ചെടുത്ത ഒരു പ്രസ്ഥാനമാണ്. സൗദി അറേബ്യക്കെതിരെ നിരവധി ആക്രമണങ്ങൾ നടത്തിയ ഒരു പ്രസ്ഥാനമാണ്. ചെങ്കടലിലെ അന്താരാഷ്ട്ര കപ്പൽഗതാഗതത്തെ ബാധിച്ച ആക്രമണങ്ങൾ നടത്തിയ ഒരു പ്രസ്ഥാനമാണ്. അപ്പോൾ ഫലസ്തീൻ എന്ന ഒരു വിഷയത്തിലൂടെ മാത്രം അതിനെ വിലയിരുത്തുന്നത് എങ്ങനെയാണ് ശരിയാകുക?

**ഇറാനെ പിന്തുണയ്ക്കുന്ന ഹൂതികൾ**

ഇറാൻ ശിയായിസത്തെ ഔദ്യോഗികമായി സ്വീകരിച്ച രാജ്യമാണ്. അവരുടെ മത-രാഷ്ട്രീയ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഇമാമത്ത് എന്ന ആശയത്തിന് കേന്ദ്രസ്ഥാനമുണ്ട്. സുന്നി പാരമ്പര്യത്തിൽ അംഗീകരിക്കപ്പെടുന്ന ആദ്യകാല ഖിലാഫത്തിന്റെ ചരിത്രത്തെക്കുറിച്ചും സ്വഹാബാക്കളെക്കുറിച്ചും ശിയാസിദ്ധാന്തം അടിസ്ഥാനപരമായി വ്യത്യസ്തമാണ്. അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരുടെ ഖിലാഫത്തിനെ ശിയാ ഇമാമീ പാരമ്പര്യം അംഗീകരിക്കുന്നില്ല. മാത്രമല്ല അവർക്കെതിരിൽ ഇക്കൂട്ടർ ശാപപ്രാർഥനപോലും നടത്തിവരുന്നുണ്ട്.

ഈ ആശയപരമായ പശ്ചാത്തലമുള്ള ഒരു രാഷ്ട്രം ഇന്ന് ഹൂതികൾക്ക് ആയുധവും പരിശീലനവും സാങ്കേതികവിദ്യയും നൽകുന്നു. അവർ യെമനിൽ അധികാരം പിടിച്ചു. സൗദിയിലേക്ക് മിസൈലുകളും ഡ്രോണുകളും അയച്ചു. ഇപ്പോൾ മക്കയുടെ സമീപത്തേക്ക് എത്താൻ കഴിയുന്ന സൈനിക ശേഷിയും അവർക്കുണ്ട്. ഇരു ഹറമുകളെയും അവർ ലക്ഷ്യം വയ്ക്കുന്നത് ലോക മുസ്‌ലിംകൾക്ക് ചിന്തിക്കുവാൻ പോലും കഴിയാത്ത കാര്യമാണ്. അവയെ സംരക്ഷിക്കുക എന്ന സൗദിയുടെ ഉത്തരവാദിത്തത്തെ ദുർബലപ്പെടുത്തുന്ന ഒരു ശക്തിയെ, അതിന്റെ മുദ്രാവാക്യങ്ങൾ എന്തുതന്നെയായാലും, മുസ്‌ലിംകൾ ഗൗരവത്തോടെ തന്നെയാണ് കാണേണ്ടത്.

സിറിയയിൽ ബശ്ശാർ അൽഅസദിന്റെ ഭരണകൂടത്തെ ഇറാൻ വർഷങ്ങളോളം സൈനികമായും സാമ്പത്തികമായും പിന്തുണച്ചു. ആ ഭരണകൂടം സുന്നി ഭൂരിപക്ഷമുള്ള ജനതക്കെതിരെ നടത്തിയ യുദ്ധത്തിൽ വലിയ തോതിലുള്ള മനുഷ്യാവകാശ ലംഘനങ്ങളും യുദ്ധക്കുറ്റങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതുപോലെ ഇറാൻ പാലൂട്ടി വളർത്തുന്ന ഹൂതികൾ അയച്ച ഡ്രോൺ മക്കയുടെ ആകാശത്ത് പ്രത്യക്ഷപ്പെട്ടുവെങ്കിൽ അത് നിസ്സാരമായി തള്ളിക്കളയേണ്ടതല്ല. അവരുടെ രാഷ്ട്രീയ മുദ്രാവാക്യങ്ങളിൽ മുസ്‌ലിംകൾ വഞ്ചിതരാകാൻ പാടില്ല. മക്കയിൽ മുഴങ്ങേണ്ടത് യുദ്ധത്തിന്റെ സൈറൺ അല്ല; തൗഹീദിന്റെ വിളംബരമാണ്. ■

**ഇറാൻ പാലൂട്ടി വളർത്തുന്ന ഹൂതികൾ അയച്ച ഡ്രോൺ മക്കയുടെ ആകാശത്ത് പ്രത്യക്ഷപ്പെട്ടുവെങ്കിൽ അത് നിസ്സാരമായി തള്ളിക്കളയേണ്ടതല്ല. അവരുടെ രാഷ്ട്രീയ മുദ്രാവാക്യങ്ങളിൽ മുസ്‌ലിംകൾ വഞ്ചിതരാകാൻ പാടില്ല. മക്കയിൽ മുഴങ്ങേണ്ടത് യുദ്ധത്തിന്റെ സൈറൺ അല്ല; തൗഹീദിന്റെ വിളംബരമാണ്.**



# കൗമാരക്കാരുടെ മനസ്സറിയുക

ആഷിഖ എ. വി, നടുവട്ടം

പുതിയ ചിന്തകളും സ്വപ്നങ്ങളും പ്രതീക്ഷകളും നിറഞ്ഞ കൗമാര കാലം മനോഹരമാണ്. പൂവിടാൻ തുടങ്ങുന്ന കൊമ്പുപോലെ മനസ്സും ശരീരവും പുതുമയിലേക്ക് വിരിയുന്നു. ബാല്യത്തിന്റെ നിറങ്ങളും യൗവനത്തിന്റെ സ്വപ്നങ്ങളും കൈകോർക്കുന്ന കൗമാരത്തിൽ ജീവിതം വർണങ്ങളണിയുന്നു. വസന്തകാലത്ത് ചിലപ്പോൾ കാറ്റും മഴയും ഉണ്ടാകാറില്ലേ, അതുപോലെ വെല്ലുവിളികളുമുണ്ടാകും.

ഇന്ന് സമൂഹത്തിൽ കൗമാരക്കാരെ കുറിച്ച് മുറവിളി കൂട്ടുന്നവർ കൂടുതലാണ്. അവരുടെ പെരുമാറ്റം, വേഷധാരണം,

സംസാരശൈലി, സുഹൃദ്ബന്ധം, ന്യൂജൻ ആശയങ്ങൾ എന്നിവയെ കുറിച്ച് മുതിർന്നവർ പരാതിപ്പെടുന്നു. കൗമാരക്കാരെ കുറ്റപ്പെടുത്താൻ എളുപ്പമാണ്; എന്നാൽ അവരെ മനസ്സിലാക്കാനാണ് പ്രയാസം.

ഈ പ്രായക്കാരുടെ ജീവിതത്തിൽ മാതാപിതാക്കൾക്കു വളരെ വലിയ പങ്കുണ്ട്. കുട്ടികൾക്ക് സ്നേഹവും സുരക്ഷയും പരിഗണനയും ആവശ്യമാണ്. എന്നാൽ പലപ്പോഴും മാതാപിതാക്കൾ നിയന്ത്രിക്കാൻ മാത്രം ശ്രമിക്കുന്നു. കുട്ടികളുടെ തെറ്റുകൾക്ക് എടുത്തുചാടി ശകാരിക്കുന്നതിനു പകരം തെറ്റുകൾ വരാനുള്ള കാരണങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കണം. അവരുമായി സംസാരിക്കാൻ സമയം കണ്ടെത്തണം. ഞങ്ങൾ നിന്റെ കൂടെയുണ്ട് എന്നൊരു ബോധം കുട്ടിക്ക് നൽകാൻ കഴിയുമ്പോഴാണ് മാതാപിതാക്കൾ വിജയിക്കുന്നത്.

അധ്യാപകർക്കും കൗമാരക്കാരെ നേരെ നയിക്കുന്നതിൽ വലിയ പങ്കു വഹിക്കാനാകും. മുമ്പിലി രിക്കുന്ന കൗമാരക്കാരായ വിദ്യാർഥികളെ അപമാനിക്കാതെ, പഠനത്തിലോ സ്വഭാവത്തിലോ മറ്റു കുട്ടികളുമായി താരതമ്യം ചെയ്യാതെ, ആവശ്യമായ പ്രോത്സാഹനവും പരിഗണനയും നൽകണം. മാതൃ-പിതൃ നിർഭരമായ സ്നേഹം അവർക്കു നൽകാൻ അധ്യാപകർക്കായാൽ അവർ അനുസരണയും അച്ചടക്കവുമുള്ളവരായി മാറും.

> **സോഷ്യൽ മീഡിയകളിലെ ഫോളോവേഴ്സിനെയും എണ്ണി, അതിലെ കുറവിനെ തന്റെ കുറവായിക്കണ്ടു നിരാശപ്പെടുന്ന കുട്ടികളുണ്ട്. മറ്റുള്ളവരുടെ മിന്നുന്ന പ്രകടനം കാണുമ്പോൾ താനൊരു പരാജയമാണെന്നു വിലയിരുത്തുന്നവരുണ്ട്. അത് അവരിലെ ആത്മവിശ്വാസത്തെ തകർക്കുന്നു. സോഷ്യൽ മീഡിയയല്ല ജീവിതമെന്നും ഉത്തരവാദിത്തത്തോടെ, നല്ലതിനുവേണ്ടി മാത്രം അവയെ ഉപയോഗിക്കണമെന്നും അല്ലാത്തപക്ഷം വലിയ പ്രയാസങ്ങളെ നേരിടേണ്ടിവരുമെന്നും അവരെ ബോധ്യപ്പെടുത്തണം.**

സോഷ്യൽ മീഡിയകൾ പുതിയ അറിവുകളും സൗഹൃദങ്ങളും വളർത്തുന്നതോടൊപ്പം പ്രശ്നങ്ങളിലേക്ക് എടുത്തുചാടിക്കുന്നുമുണ്ട്. ലൈക്കുകളെയും ഫോളോവേഴ്സിനെയും എണ്ണി, അതിലെ കുറവിനെ തന്റെ കുറവായിക്കണ്ടു നിരാശപ്പെടുന്ന കുട്ടികളുണ്ട്. മറ്റുള്ളവരുടെ മിന്നുന്ന പ്രകടനം കാണുമ്പോൾ താനൊരു പരാജയമാണെന്നു വിലയിരുത്തുന്നവരുണ്ട്. അത് അവരിലെ ആത്മവിശ്വാസത്തെ തകർക്കുന്നു. സോഷ്യൽ മീഡിയയല്ല ജീവിതമെന്നും ഉത്തരവാദിത്തത്തോടെ, നല്ലതിനുവേണ്ടി മാത്രം അവയെ ഉപയോഗിക്കണമെന്നും അല്ലാത്തപക്ഷം വലിയ പ്രയാസങ്ങളെ നേരിടേണ്ടിവരുമെന്നും അവരെ ബോധ്യപ്പെടുത്തണം.

കൂട്ടുകാർ അവരുടെ ജീവിതത്തിന്റെ നിറങ്ങളാണ്. നല്ല കൂട്ടുകാർ ജീവിതത്തെ പ്രകാശിപ്പിക്കുമ്പോൾ തെറ്റായ കൂട്ടുകാർ വെളിച്ചം കെടുത്തിയേക്കാം. ചീത്ത കൂട്ടുകെട്ടിൽ പെടാതിരിക്കാൻ പ്രത്യേകം ഉപദേശിക്കണം. അതിന്റെ ദൂഷ്യം മനസ്സിലാക്കിക്കൊടുക്കാൻ പറ്റിയ എത്രയോ ഉദാഹരണങ്ങൾ ദിനേന പത്രമാധ്യമങ്ങളിലൂടെ വരുന്നുണ്ട്. എതിർലിംഗത്തിൽ പെട്ടവരുടെ പ്രത്യേകമായ കരുതലും ശ്രദ്ധയും പ്രണയമെന്ന വികാരങ്ങളിലേക്ക് അവരെ എത്തിച്ചേക്കും. ലിബറൽ വാദികളുടെ ദുഷിച്ച ആശയങ്ങളിൽ അവർ അകപ്പെട്ടു പോകരുത്. ശരിയായ മാർഗനിർദേശങ്ങളും മതപരമായ അറിവും കരുതലും ലഭിക്കുമ്പോൾ അവർ നല്ല മക്കളും മികച്ച പൗരന്മാരുമായി മാറും. ■



# വാർധക്യം: കരുതലോടെ മുന്നേറാം

2

ഡോ. നഹ്‌ല തമന്ന

വാർധക്യം അല്ലാഹു തീരുമാനിക്കുന്ന ഓരോ മനുഷ്യനും ഒരുനാൾ എത്തിച്ചേരേണ്ട ജീവിതഘട്ടമാണ്. ആ ഓർമയുണ്ടങ്കിൽ പ്രായമായവരെ ആദരിക്കാതിരിക്കാൻ നമുക്കു കഴിയില്ല. വാർധക്യത്തെ ഭയപ്പെടേണ്ടതില്ല. ആത്മധൈര്യം പ്രധാനമാണ്. സാധ്യമാകുന്നത്ര ആരാധനകൾ ചെയ്ത്, ആത്മസംതൃപ്തിയോടെ, കുടുംബാംഗങ്ങളുടെ സ്നേഹത്തിന്റെ തണലിൽ കഴിഞ്ഞുകൂടുക.

**മറവി; ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ**

പ്രായം കൂടുമ്പോൾ ചെറിയ മറവി സാധാരണമാണ്. പേരുകൾ ഓർക്കാൻ കുറച്ചു സമയമെടുക്കുക, സാധനങ്ങൾ വച്ച സ്ഥലങ്ങൾ മറന്നുപോവുക തുടങ്ങിയവ പ്രായാധിക്യത്തിൽ ഉണ്ടാകാം. എന്നാൽ ഇത് ദൈനംദിന ജീവിതത്തെ കാര്യമായി ബാധിക്കുന്നുണ്ടെങ്കിൽ ശ്രദ്ധിക്കണം.

സാധാരണ മറവിയും ഡിമെൻഷ്യയും ഒന്നല്ല. ഒരിക്കൽ മറന്ന കാര്യം പിന്നീട് ഓർത്തെടുക്കുന്നത് സാധാരണ പ്രായാധിക്യത്തിന്റെ ഭാഗമായിരിക്കാം. എന്നാൽ അടുത്തിടെ നടന്ന കാര്യങ്ങൾ നിരന്തരം മറക്കുക, പരിചിതരായ ആളുകളെ തിരിച്ചറിയാൻ ബുദ്ധിമുട്ടുക, പതിവു കാര്യങ്ങൾ ചെയ്യുന്നതിൽ പ്രയാസമുണ്ടാകുക തുടങ്ങിയവ കൂടുതൽ ഗൗരവമുള്ളതായി കാണണം.

മറവിക്ക് പല കാരണങ്ങളുണ്ടാകാം. ഉറക്കക്കുറവ്, വിഷാദം, ചില മരുന്നുകൾ, പോഷകക്കുറവ്, തൈറോയ്ഡ് പ്രശ്നങ്ങൾ തുടങ്ങിയ, ചികിത്സിക്കാവുന്ന കാരണങ്ങളും ഓർമക്കുറവിനു പിന്നിലുണ്ട്. അതിനാൽ തുടർച്ചയായ മറവിയുണ്ടെങ്കിൽ വൈദ്യ പരിശോധന പ്രധാനമാണ്.

വായന, ഖുർആൻ പാരായണം, പുതിയ കാര്യങ്ങൾ പഠിക്കൽ, എന്നിവ ശീലമാക്കുന്നത് ഓർമ ശക്തി നഷ്ടപ്പെടാതിരിക്കാൻ ഒരു പരിധിവരെ സഹായിക്കുന്നു.

ദൈനംദിന ജീവിതത്തിൽ ചെറിയ ക്രമീകരണങ്ങൾ വരുത്തുന്നത് മറവിമൂലമുണ്ടാകുന്ന ബുദ്ധി മുട്ടുകൾക്ക് ഏറെക്കുറെ പരിഹാരമായിരിക്കും. ഉദാ: മരുന്നുകളുടെ സമയക്രമം എഴുതിവയ്ക്കുക, പ്രധാനപ്പെട്ട കാര്യങ്ങൾക്ക് കുറിപ്പുകൾ ഉപയോഗിക്കുക, സാധനങ്ങൾ എപ്പോഴും ഒരേ സ്ഥലത്ത് സൂക്ഷിക്കുക.

കുടുംബത്തിന്റെ സമീപനം വളരെ പ്രധാനമാണ്. ഒരേ കാര്യം പലതവണ ചോദിച്ചാൽ പരിഹസി ക്കുകയോ ദേഷ്യപ്പെടുകയോ ചെയ്യാതെ ക്ഷമയോടെ മറുപടി നൽകണം. മറവി രോഗ ലക്ഷണമാകുമ്പോൾ അത് മനഃപൂർവമല്ലെന്നു കൂടെയുള്ളവർ മനസ്സിലാക്കണം.

**മാനസികാരോഗ്യം**

വാർധക്യത്തിലെ ആരോഗ്യ സംരക്ഷണത്തിൽ മാനസികാരോഗ്യത്തിന് വലിയ സ്ഥാനമുണ്ട്. ഏകാന്തത, ജോലിയിൽനിന്നു വിരമിക്കൽ, ജീവിതപങ്കാളിയുടെയോ സുഹൃത്തുക്കളുടെയോ വേർപാട്, മക്കൾ അകലെ താമസിക്കുന്നത് തുടങ്ങിയ സാഹചര്യങ്ങൾ ചിലരിൽ വിഷാദത്തിനും ഉത്കണ്ഠയ്ക്കും കാരണമായേക്കാം.

കുടുംബാംഗങ്ങളുമായി സംസാരിക്കുക, പള്ളിയുമായും സമൂഹവുമായും ബന്ധം നിലനിർത്തുക, ഖുർആൻ പാരായണം, ദിക്റ്, ദുആ, വായന, ഇഷ്ടപ്പെട്ട പ്രവർത്തനങ്ങൾ (തോട്ടം പരിപലനം, സാമൂഹ്യ പ്രവർത്തനങ്ങൾ...) എന്നിവയിൽ ഏർപ്പെടുക എന്നിവ മനസ്സിന് ആശ്വാസവും ഉണർവും നൽകുവാൻ സഹായകമാണ്. എന്നാൽ ദീർഘകാല ദുഃഖം, താൽപര്യമില്ലായ്മ, ഉറക്കത്തിലെ വലിയ മാറ്റങ്ങൾ തുടങ്ങിയ പ്രശ്നങ്ങളുണ്ടെങ്കിൽ അതു പ്രായത്തിന്റെ സ്വാഭാവിക ഭാഗമെന്നു കരുതി അവഗണിക്കരുത്. ആവശ്യമെങ്കിൽ ഡോക്ടറുടെയോ മാനസികാരോഗ്യ വിദഗ്ധന്റെയോ സഹായം തേടണം.

**മാതാപിതാക്കൾക്കു വാർധക്യത്തിൽ പ്രത്യേക പരിഗണന**

വാർധക്യത്തിൽ മാതാപിതാക്കളെ പരിചരിക്കുന്നതിന് ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നു. അല്ലാഹു പറയുന്നു: “അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽവച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോടു നീ ‘ഛെ’ എന്നു പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോടു നീ മാന്യമായ വാക്കു പറയുക” (ഖുർആൻ 17:23).

ബഹുമാനം, ക്ഷമ, സ്നേഹം, നല്ല സംസാരം, പരിചരണം, സാമ്പത്തിക സഹായം... ഇവയെല്ലാം മാതാപിതാക്കളോടുള്ള നമ്മുടെ കടമയുടെ ഭാഗമാണ്.

“എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയതുപോലെ ഇവരോടു നീ കരുണ കാണിക്കണേ” (17:24) എന്നു മാതാപിതാക്കൾക്കു വേണ്ടി പ്രാർഥിക്കുവാൻ അല്ലാഹു കൽപിക്കുന്നു.

അവരെ മരുന്നു കഴിക്കാൻ ഓർമിപ്പിക്കുകയും ആവശ്യമെങ്കിൽ എടുത്തുകൊടുക്കുകയും വേണം. ആശുപത്രിയിൽ കൊണ്ടുപോകുന്നതും ഭക്ഷണ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതും സുരക്ഷ ഉറപ്പു വരുത്തുന്നതും പ്രധാനമാണ്. അതിനെക്കാൾ പ്രധാനമായി, അവരുടെ വാക്കുകൾ കേൾക്കുകയും അവരുടെ അഭിപ്രായങ്ങൾ വിലവയ്ക്കുകയും അവരുടെ തീരുമാനങ്ങളെയും വ്യക്തിത്വത്തെയും ബഹുമാനിക്കുകയും വേണം.

**വാർധക്യം; ആദരിക്കപ്പെടേണ്ട ഘട്ടം**

ഇസ്‌ലാം പ്രായമായവരെ ആദരിക്കാനും പരിചരിക്കാനും നമ്മെ പഠിപ്പിക്കുന്നു എന്നു നാം മനസ്സിലാക്കി. അവരുടെ അനുഭവങ്ങളും ജീവിതപാഠങ്ങളും കുടുംബത്തിനും സമൂഹത്തിനും വലിയ സമ്പത്താണ്. അതിനാൽ പ്രായമായവരെ ഒരു ‘ബാധ്യത’യായി കാണാതിരിക്കുക.

ആരോഗ്യകരമായ വാർധക്യം മരുന്നുകളുടെയും പരിശോധനകളുടെയും മാത്രം ഫലമല്ല, മറിച്ച് നല്ല ഭക്ഷണം, മതിയായ ശാരീരിക പ്രവർത്തനം, മാനസിക സന്തോഷം, ആത്മീയബന്ധം, ഉറ്റവരിൽ നിന്നുള്ള സ്നേഹവും പരിചരണവും, ആവശ്യമായ ചികിത്സ എന്നിവയുടെയെല്ലാം ആകെത്തുകയാണത്.

വാർധക്യം അല്ലാഹു തീരുമാനിക്കുന്ന ഓരോ മനുഷ്യനും ഒരു നാൾ എത്തിച്ചേരേണ്ട ജീവിത ഘട്ടമാണ്. ആ ഓർമയുണ്ടെങ്കിൽ പ്രായമായവരെ ആദരിക്കാതിരിക്കാൻ നമുക്കു കഴിയില്ല. വാർധക്യത്തെ ഭയപ്പെടേണ്ടതില്ല. ആത്മധൈര്യം പ്രധാനമാണ്. സാധ്യമാകുന്നത്ര ആരാധനകൾ ചെയ്ത്, ആത്മസംതൃപ്തിയോടെ, കുടുംബാംഗങ്ങളുടെ സ്നേഹത്തിന്റെ തണലിൽ കഴിഞ്ഞു കൂടുക. ■



സൂഫിസം; ആത്മീയതയോ തത്ത്വചിന്തയോ? 5

# അറിവിന്റെ സ്രോതസ്സുകളിലെ വ്യതിയാനം

മുഹമ്മദ് ഫയാസ്, നാദാപുരം

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ വിശുദ്ധ ക്വുർആനും പ്രവാചകന്റെ സുന്നത്തുമാണ്. എന്നാൽ ചില സൂഫി ത്വരീക്വത്തുകൾക്കും അതിരുകടന്ന സൂഫികൾക്കും വേറെയും ചില സ്രോതസ്സുകളുണ്ടത്രെ! ഇൽഹാം (പ്രചോദനം), കശ്ഫ് (ദിവ്യബോധനം), റൂഅ്‌യാ (സ്വപ്നങ്ങൾ), ജിന്നുകളുമായുള്ള സമ്പർക്കം പോലുള്ളവ. തങ്ങളുടെ ശൈഖിന് പ്രവാചകനിൽനിന്ന് നേരിട്ട് അറിവു സ്വീകരിക്കാൻ കഴിയും, സ്വപ്നത്തിലായാലും ഉണർച്ചയിലായാലും എന്ന് ഇക്കൂട്ടർ വാദിക്കുന്നു.

ഓരോ ത്വരീക്വത്തിലെ ശൈഖും തനിക്ക് പ്രത്യേക 'കശ്ഫ്' ഉണ്ടെന്ന് അവകാശപ്പെടുന്നു. 'നിങ്ങൾക്ക് അതിനെ നിഷേധിക്കാൻ കഴിയില്ല; കാരണം അദ്ദേഹം ആ കശ്ഫ് പ്രവാചകനിൽനിന്ന് നേരിട്ട് സ്വീകരിച്ചതാണ്' എന്ന് ഇവർ ന്യായീകരിക്കും. അതിനായി ഇവർ വിശുദ്ധ ക്വുർആനും പ്രവാചക സുന്നത്തും തങ്ങളുടെ തന്നിഷ്ടത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നു.

അല്ലാഹുവിന്റെയും പ്രവാചകന്റെ(സ്വ)യും വാക്കുകൾക്ക് ബാഹ്യവും ആന്തരികവുമായ അർഥങ്ങളുണ്ടെന്ന് സൂഫികൾ കരുതുന്നു; ബാഹ്യമായ അർഥം എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാക്കാം; എന്നാൽ ആന്തരികവും മറഞ്ഞിരിക്കുന്നതുമായ അർഥങ്ങൾ അവർക്കു മാത്രമെ അറിയൂ!

**ഹുലൂലും വഹ്ദത്തുൽ വുജൂദും**

അല്ലാഹുവെക്കുറിച്ചുള്ള ഒരു പ്രത്യേക വിശ്വാസത്തിൽ വരെ അവരെത്തി. ചില സൂഫികൾ 'ഹുലൂൽ' (ദൈവം സൃഷ്ടികളിൽ ലയിച്ചുചേരൽ) പോലുള്ള പദങ്ങൾ സ്വീകരിക്കാൻ തുടങ്ങി. ചിലർ 'വഹ്ദത്തുൽ വുജൂദ്' എന്നു പറഞ്ഞു. 'വഹ്ദത്തുൽ വുജൂദ്'

എന്നത് ചുരുക്കത്തിൽ, അല്ലാഹുവും പ്രപഞ്ചവും ഒരൊറ്റ യാഥാർഥ്യമാണെന്ന് കരുതുന്ന ഒരു തത്ത്വചിന്താപരമായ ആശയമാണ്. ഈ പ്രപഞ്ചത്തിൽ നമ്മൾ കാണുന്ന വലിയ ഗ്രഹങ്ങളും നക്ഷത്രങ്ങളും മുതൽ മൃഗങ്ങളും പ്രാണികളും വരെയുള്ള എല്ലാ വസ്തു ക്കളും അല്ലാഹുവിന്റെ തന്നെ പലതരം രൂപഭാവങ്ങളാണെന്ന് അത് കരുതുന്നു. തസവ്വുഫിന്റെ പ്രധാന നേതാവായിരുന്ന ഇബ്നു അറബി വഹ്ദത്തുൽ വുജൂദിനെ വിവരിക്കുന്നത് ഇങ്ങനെയാണ്: 'ഇത് ഭൗതികമായ ഒരു ഐക്യമല്ല, മറിച്ച് മാതൃകാപരവും ആത്മീയവുമായ ഐക്യമാണ്.' അതായത് ഇബ്നു അറബിയുടെ അടുക്കൽ, 'ഹക്ക്' (അല്ലാഹു) സൃഷ്ടികളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു; നിഴലിന്റെ ഉടമയ്ക്ക് നിഴൽ എങ്ങനെയോ അതുപോലെ. നിങ്ങളുടെ നിഴൽ നിങ്ങൾ ഉണ്ടെന്നതിനു തെളിവാണ്, നിങ്ങൾ ഇല്ലെങ്കിൽ നിഴൽ ഉണ്ടാകില്ല. ഇബ്നു അറബിയുടെ അടുക്കൽ പ്രപഞ്ചം അല്ലാഹുവിന്റെ ഒരു നിഴൽ മാത്രമാണ്!

**പ്രവാചകത്വവും വിലായത്തും; സൂഫീ വീക്ഷണം**

ചില സൂഫികൾ പ്രവാചകന്റെ പദവിയെ മനുഷ്യൻ എന്ന പദവിക്കും മുകളിലേക്ക് ഉയർത്തുന്നു. മറ്റു ചിലർ നേരെ വിപരീതദിശയിൽ അതിരുകടന്ന് പ്രവാചകന് തസവ്വുഫിന്റെ വിജ്ഞാനങ്ങൾ അറിയില്ലായിരുന്നു എന്നു പറയുന്നു. മറ്റു ചിലരാകട്ടെ അതിരുകടന്ന് പ്രവാചകൻ(സ്വ) തന്നെയാണ് അർശിൽ ഇരിക്കുന്ന അല്ലാഹു എന്നുവരെ പറഞ്ഞുകളഞ്ഞു!

ഇനി വലിയ്യുകളുടെ (ഔലിയാക്കളുടെ) കാര്യം നോക്കിയാൽ, ഇവർ അമ്പിയാഇനും (പ്രവാചകന്മാർക്കും) മുകളിലാണെന്ന് കരുതുന്ന സൂഫി ത്വരീഖത്തുകളുണ്ട്. ഔലിയാക്കൾക്ക് പ്രപഞ്ചത്തിലെ കാര്യങ്ങൾ നിയന്ത്രിക്കാനും വിധികൾ (ക്വദ്ർ) മാറ്റാനുമുള്ള അമാനുഷിക കഴിവുകളുണ്ടെന്ന് അവർ അവകാശപ്പെടുന്നു! അവരുടെയടുക്കൽ സ്വർഗത്തിനും നരകത്തിനും പോലും വ്യത്യസ്തമായ അർഥ ങ്ങളുണ്ട്. സ്വർഗം അവരുടെ ലക്ഷ്യമല്ല, നരകം അവരുടെ ഭയവുമല്ല. ഇബ്‌ലീസിനെയും ഫിർഔനെയും പോലും അവരിൽ ചിലർ ഏറ്റവും പൂർണതയുള്ള ആരാധകരായും തൗഹീദുള്ളവരായും കണക്കാക്കി! ആരാധനകളിൽ അവർ തങ്ങൾക്കു മാത്രമായി പ്രത്യേക ആരാധനകൾ നിർമിച്ചു; പ്രവാചകന്റെ ശരീഅത്ത് സാധാരണക്കാർക്കാണെന്നും തങ്ങൾക്ക് തങ്ങളുടെതായ പ്രത്യേക ശരീഅത്തുണ്ടെന്നും അവർ ജൽപിച്ചു. ഹലാലിന്റെയും ഹറാമിന്റെയും കാര്യത്തിൽ, ചിലർ തങ്ങളിൽനിന്ന് 'തക്‌ലീഫുകൾ' (മതപരമായ ബാധ്യതകൾ) ഒഴിവാക്കി, എല്ലാ കാര്യങ്ങളും ഹലാലാണെന്നു കരുതി!

ഇങ്ങനെ അനുയായികളെ പറഞ്ഞു പറ്റിക്കുന്നവർ അവരെ തങ്ങളുടെ അടിമകളാക്കി മാറ്റുന്നു, അഥവാ മറുത്തൊന്നും ചിന്തിക്കാൻ കഴിയാത്തവരാക്കി മാറ്റുന്നു. ശൈഖിന് അവരെ തന്റെ പാതയിൽ നിന്ന് പുറത്തുപോകുന്നതു തടയാൻ കഴിയുന്നു.

ചില സൂഫി ത്വരീഖത്തുകളിൽ, ശൈഖ് ക്വുർആനിലും സുന്നത്തിലും വ്യക്തമായി ഹറാമാക്കിയ ഒരു കാര്യം ചെയ്യുന്നത് മുരീദുകൾ തങ്ങളുടെ കണ്ണുകൊണ്ട് കണ്ടാലും അവർ അദ്ദേഹത്തെ ന്യായീകരി ക്കും, അദ്ദേഹം ഒരു തെറ്റും ചെയ്തിട്ടില്ലാത്തതുപോലെ! ഇവ്വിധം ശൈഖിന്റെ അന്ധഭക്തരായി അനുയാ യികൾ മാറും; ഇതാണ് 'ത്വരീക്വത്ത്.' ഇത് സൂഫി പ്രസ്ഥാനത്തിന്റെ നട്ടെല്ലായി മാറി.

ഇവിടെനിന്നാണ് തസവ്വുഫിനെക്കുറിച്ച് പുതിയൊരു ആശയം രൂപപ്പെടുന്നത്; 'സൂഫി ശരീഅത്ത്.' പുറമേക്ക് ആരാധനയും ദിക്റുമാണെങ്കിലും ഉള്ളിൽ തികച്ചും വ്യത്യസ്തമായ ഒരു ലോകമാണത്. ഈ ശരീഅത്തിലൂടെ തങ്ങൾ അല്ലാഹുവിലേക്ക് അടുക്കുകയാണെന്നാണ് അവർ വിചാരിക്കുന്നത്.

*(തുടരും)*



# നാം സ്വാർഥരാകരുത്

ഡോ.യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

കോഴിക്കോട്ടുനിന്നും യാത്ര  പുറപ്പെട്ടതാണ്. ബസ്സിൽ നല്ല തിരക്കുണ്ട്. ഇരിക്കാൻ സീറ്റു കിട്ടിയില്ല. കമ്പിയിൽ തൂങ്ങിപ്പിടിച്ചു നിൽപ്പാണ്. വല്ലപ്പോഴും ലഭിക്കുന്ന ഇത്തരം യാത്രകൾ ചുറ്റുമുള്ള ജീവിതങ്ങളെ നിരീക്ഷിക്കുവാനുള്ള അവസരമായി തോന്നാറുണ്ട്. അങ്ങനെയിരിക്കെ, രണ്ടു കുട്ടികളുമായി ഒരു സ്ത്രീ ബസ്സിൽ കയറി. മൂന്നു വയസ്സു തോന്നിക്കുന്ന ഒരു കുഞ്ഞ് ഒക്കത്തുണ്ട്. ആറു വയസ്സു തോന്നിക്കുന്ന ഒരു കുട്ടി കയ്യിൽ പിടിച്ചിട്ടുമുണ്ട്. കോഴിക്കോട്ടുനിന്നും ഗുരുവായൂരിലേക്കു പോകുന്ന വേഗതയേറിയ ആ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സിൽ രണ്ടു കുഞ്ഞുങ്ങളുമായി ആ സ്ത്രീ പാടുപെടുകയാണ്. ചെറുപ്പക്കാരിയായ ഒരു പെൺകുട്ടിയോട് ആ സ്ത്രീക്കായി ഒന്നെഴുന്നേറ്റ് കൊടുക്കാമോ എന്നു ചോദിച്ചു. അൽപം മടിയോടുകൂടിയാണെങ്കിലും എഴുനേൽക്കാൻ തുനിഞ്ഞ ആ കുട്ടിയോടു തൊട്ടടുത്തു നിൽക്കുന്ന മറ്റൊരു സ്ത്രീ എഴുന്നേൽക്കേണ്ട തില്ലെന്ന് തലകൊണ്ട് ആംഗ്യം കാണിച്ചു! അതേസമയം 'അമ്മയും കുഞ്ഞും' എന്നെഴുതിവച്ച സീറ്റിലിരിക്കുന്ന, കോളേജ് വിദ്യാർഥിനിയെന്ന് തോന്നിക്കുന്ന മറ്റൊരു പെൺകുട്ടിയോട് ഒരു സ്ത്രീ എഴുന്നേറ്റു കൊടുക്കാൻ ആവശ്യപ്പെടുന്നതു കണ്ടു. എന്നാൽ റിസർവ് ചെയ്ത ആ സീറ്റിൽനിന്നുപോലും അമ്മയ്ക്കായി എഴുന്നേറ്റു കൊടുക്കാൻ മനസ്സു കാണിക്കാതെ അവളും യാത്ര തുടരുകയാണ്! ഇതു കണ്ടതും തലയ്ക്കു മീതെയുള്ള 'അമ്മയും കുഞ്ഞു'മെന്ന എഴുത്ത് കാണിച്ചുകൊടുത്തുകൊണ്ട് എഴുന്നേറ്റു കൊടുക്കാൻ വീണ്ടും പറയേണ്ടിവന്നു. അതോടെ അവൾ എഴുന്നേൽക്കുകയും അർഹതപ്പെട്ടവർ അവിടെയിരിക്കുകയും ചെയ്തു.

> പ്രവാചകനോടുള്ള സ്നേഹം കേവലം വാക്കുകളിൽ ഒതുക്കുവാനുള്ളതല്ല; അത് അവിടുത്തെ ചര്യകൾ പിൻപറ്റുക കൂടി വേണം, അപ്പോഴാണ് ആ ആ സ്നേഹത്തിനു ജീവനുണ്ടാവുന്നത്. നന്മ ചെയ്യുന്നതും തിന്മയിൽ നിന്ന് അകന്നുനിൽക്കുന്നതുമെല്ലാം ലോകമാന്യതയ്ക്കു വേണ്ടിയാകരുത്. എല്ലാ പ്രവർത്തനങ്ങളും ആത്മാർഥത (ഇഖ്ലാസ്) യോടെയായിരിക്കണം.

'അമ്മയും കുഞ്ഞും,' 'ഭിന്നശേഷിക്കാർ,' 'വയോധികർ,' 'ഗർഭിണികൾ' തുടങ്ങിയ റിസർവേഷൻ ബോർഡുകളൊന്നും ഇല്ലാതിരുന്ന കാലത്ത് ദുർബ്ബലരായവരെ കാണുമ്പോൾ സ്വമേധയാ എഴുന്നേറ്റു കൊടുക്കുന്നൊരു പാരമ്പര്യം മലയാളികൾക്കുണ്ടായിരുന്നു. എന്തുകൊണ്ടാണ് അത്തരം നന്മകൾ ഇന്ന് അന്യം നിന്നുകൊണ്ടിരിക്കുന്നത്? കാരുണ്യത്തിന്റെ തിരുദൂതന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവരിൽനിന്നുപോലും സ്വാർഥമായ ഇത്തരം പെരുമാറ്റങ്ങളുണ്ടാവുന്നത് ഏറെ ഗൗരവത്തിൽ കാണേണ്ട വിഷയം തന്നെയാണ്.

**ഇസ്‌ലാം കാരുണ്യത്തിന്റെ മതം**

മുതിർന്നവരെ ബഹുമാനിക്കുന്നതോടൊപ്പം ഇളയവരോടു കാരുണ്യം കാണിക്കുവാനും നാം പഠിപ്പിക്കപ്പെട്ടിരിക്കുന്നു. പൂച്ചയെ ഭക്ഷണം കൊടുക്കാതെ കെട്ടിയിട്ടതിനാൽ നരകത്തിലേക്കെത്തിയ സ്ത്രീയുടെയും നായക്ക് വെള്ളം കൊടുത്തതിന്റെ പേരിൽ സ്വർഗാവകാശിയായ വ്യക്തിയുടെയും കഥ ചെറുപ്പം മുതൽ കേട്ടുവളർന്നവരാണു നമ്മൾ. മനുഷ്യരോടു മാത്രമല്ല മറ്റു ജീവികളോടു പോലും കാരുണ്യം കാണിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇവിടെയെല്ലാം പഠിപ്പിക്കപ്പെടുന്നത് .

**കളങ്കമില്ലാത്തിടത്താണ് കാരുണ്യമുണ്ടാകുന്നത്**

"(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യംകൊണ്ടാണു നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു..."(ക്വുർആൻ 3:159).

നബി(സ്വ)യുടെ ഉൽകൃഷ്ട സ്വഭാവത്തെ കുറിച്ചാണ് അല്ലാഹു ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ആ പ്രവാചകന്റെ അനുയായികളെന്ന നിലയിൽ നമ്മുടെ സ്വഭാവ മഹിമയിലൂടെയാണ് നാം സമൂഹത്തിനു മാതൃകയാകേണ്ടത്. അല്ലാഹുവിലുള്ള കലർപ്പില്ലാത്ത വിശ്വാസവും കളങ്കമില്ലാത്ത പ്രവാചക സ്നേഹവും ഒരു മനുഷ്യനെ സഹജീവികളോട് അങ്ങേയറ്റം കാരുണ്യമുള്ളവനാക്കി മാറ്റുന്നു .

നബി(സ്വ) പറഞ്ഞു: "നിങ്ങളിലൊരാൾക്ക് തന്റെ മാതാപിതാക്കളെക്കാളും മക്കളെക്കാളും മറ്റെല്ലാ മനുഷ്യരെക്കാളും പ്രിയപ്പെട്ടവൻ ഞാനാകുന്നതുവരെ അയാളുടെ വിശ്വാസം പൂർണമാവുകയില്ല" (ബുഖാരി, മുസ്‌ലിം).

പ്രവാചകനോടുള്ള സ്നേഹം കേവലം വാക്കുകളിൽ ഒതുക്കുവാനുള്ളതല്ല; അത് അവിടുത്തെ ചര്യകൾ പിൻപറ്റുക കൂടി വേണം, അപ്പോഴാണ് ആ ആ സ്നേഹത്തിനു ജീവനുണ്ടാവുന്നത്. നന്മ ചെയ്യുന്നതും തിന്മയിൽനിന്ന് അകന്നുനിൽക്കുന്നതുമെല്ലാം ലോകമാന്യതയ്ക്കു വേണ്ടിയാകരുത്. എല്ലാ പ്രവർത്തനങ്ങളും ആത്മാർഥത (ഇഖ്‌ലാസ്)യോടെയായിരിക്കണം. ഒരാളും കാണാനില്ലാത്ത അവസരത്തിലും ഒരു മിണ്ടാപ്രാണിയോടു കാരുണ്യം തോന്നണമെങ്കിൽ, തെറ്റുകളിൽനിന്ന് അകന്നുനിൽക്കാൻ കഴിയണമെങ്കിൽ മനസ്സിന്റെ തേട്ടം അല്ലാഹുവിലേക്ക് മാത്രമായിരിക്കണം.

പ്രയാസപ്പെടുന്നവരെ കാണുമ്പോൾ ദയ തോന്നാനും സാധിക്കുന്ന സഹായം ചെയ്യാനും കഴിയണം. അത്തരത്തിൽ നന്മകൾ ചെയ്യാൻ ലഭിക്കുന്ന അവസരം പാഴാക്കരുത്. ഗർഭിണികൾക്കോ വയസ്സായവർക്കോ കൈക്കുഞ്ഞുമായി നിൽക്കുന്നവർക്കോ ബസ്സിൽ ഇരിക്കാൻ സ്വന്തം സീറ്റ് ഒഴിഞ്ഞുകൊടുക്കുന്നത് ചെറിയൊരു സഹായമല്ല. റോഡ് മുറിച്ചുകടക്കാൻ പ്രയാസപ്പെടുന്ന കാഴ്ചപരിമിതനായ വ്യക്തിയെ, അല്ലെങ്കിൽ അംഗപരിമിതനായ വ്യക്തിയെ സഹായിക്കാനുള്ള മനസ്സ് വിശ്വാസിക്കുണ്ടാകണം.

"തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിലൊരാളും യഥാർഥ വിശ്വാസിയാവുകയില്ല" (ബുഖാരി, മുസ്‌ലിം).

സഹജീവികളോടുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രാധാന്യം ഉപരിസൂചിത നബിവചനം വ്യക്തമാക്കിത്തരുന്നു. ■



ശീഇസം - ഇസ്‌ലാം: ഒരു ദാർശനിക വിശകലനം 10

# ശിയാക്കളും ക്വുർആനും

ഡോ. ടി. കെ. യൂസുഫ്
: 9349798262

വിശുദ്ധ ക്വുർആൻ ദൈവിക ഗ്രന്ഥമാണെന്നും അതിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തിട്ടുണ്ടെന്നും വിശ്വസിക്കുന്നവരാണ് ലോകമുസ്‌ലിംകൾ. അല്ലാഹു പറയുന്നു: 'തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം തന്നെ അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്'' (15:9).

ഇങ്ങനെയുള്ള ക്വുർആനിന്റെ വിശ്വാസ്യതയിൽ ഒരു മുസ്‌ലിമിന് എങ്ങനെയാണ് സംശയം വച്ചുപുലർത്താനാവുക? എന്നാൽ ശിയാക്കളുടെ വീക്ഷണ പ്രകാരം നിലവിലുള്ള ക്വുർആനിൽ ചില കുറ്റങ്ങളും കുറവുകളുമുണ്ട്! സമ്പൂർണമായ ക്വുർആൻ അലി(റ)യുടെ അടുക്കലാണ് ഉണ്ടായിരുന്നത് എന്നും അദ്ദേഹത്തിനുശേഷം ഇമാമുമാർ അത് അനന്തരമെടുക്കുയും ചെയ്തിട്ടുണ്ട് എന്നും ഇക്കൂട്ടർ ജൽപിക്കുന്നു.

അലി(റ)യുടെ മഹത്ത്വം വെളിപ്പെടുത്താൻ വേണ്ടിയുള്ള ഈ വാദം ക്വുർആനിനെയും സ്വഹാബികളെയും അലി(റ)യെ

> **കുർആനിൽ കാഫിറുകളെക്കുറിച്ചും മുശ്‌രിക്കുകളെക്കുറിച്ചും കപടവിശ്വാസികളെക്കുറിച്ചും അവതരിച്ചിട്ടുള്ള വചനങ്ങളത്രയും ആദ്യത്തെ മൂന്ന് ഖലീഫമാരെക്കുറിച്ചും സ്വഹാബിമാരെക്കുറിച്ചുമാണ് എന്ന രൂപത്തിൽ വ്യാഖ്യാനിക്കുന്നതിലൂടെ ശിയാക്കൾ തങ്ങൾ ഇസ്‌ലാമിന്റെ പരിധിക്ക് പുറത്താണെന്നു വ്യക്തമാക്കുകയാണു ചെയ്യുന്നത്.**

ത്തന്നെയും അപകീർത്തിപ്പെടുത്തുന്നതാണ്. അവർ വാദിക്കുന്നതുപോലെ അലി(റ)യുടെ അടുക്കൽ ഒരു 'സമ്പൂർണ കുർആൻ' ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹം എന്തുകൊണ്ടാണ് ഖിലാഫത്ത് വേളയിൽ പോലും അക്കാര്യം തുറന്നുപറയാതിരുന്നത്?

സലീം ബിൻ ഖൈസ് എന്ന ഒരു ശീഈ നേതാവിന്റെ പുസ്തകത്തിലാണ് ഇക്കാര്യം ആദ്യമായി പ്രസ്താവിച്ചിട്ടുള്ളത്. 'സ്വഹീഹുൽ കാഫി' എന്ന ഈ ഗ്രന്ഥം അവരുടെ അടുക്കൽ സ്വഹീഹുൽ ബുഖാരിയെക്കാളും പ്രധാനപ്പെട്ടതാണ്. ഈ ആരോപണം അവരുടെ 'സ്വാഫി,' 'ബുർഹാൻ' തുടങ്ങിയ ചില തഫ്‌സീറുകളിലും മറ്റു ഗ്രന്ഥങ്ങളിലും കാണാവുന്നതാണ്. എന്നാൽ ഈ ആരോപണം, അല്ലാഹു സംരക്ഷിക്കും എന്നു പറഞ്ഞ കുർആനിന് യാതൊരു കോട്ടവും വരുത്തിയിട്ടില്ല.

ശീഇകളുടെ ശൈഖായ മുഹ്‌സിൻ കാശാനി പറയുന്നത് കുർആൻ മുഹമ്മദ് നബി(സ്വ)ക്ക് ഇറങ്ങിയ അതേരൂപത്തിൽ നിലനിൽക്കുന്നില്ല, അതിൽ ചില മാറ്റത്തിരുത്തലുകൾ നടത്തുകയും കുറെ ഭാഗങ്ങൾ അതിൽനിന്ന് കളയുകയും ചെയ്തിട്ടുണ്ട് എന്നാണ്. മറ്റൊരു ശൈഖായ കലീനി തന്റെ 'അൽകാഫി' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ജിബ്‌രീൽ മുഹമ്മദ് നബി(സ്വ)ക്ക് ഇറക്കിയ കുർആനിൽ പതിനേഴായിരം ആയത്തുകൾ ഉണ്ടായിരുന്നു' എന്നാണ്. ബാക്കിയുള്ളതെല്ലാം കളയപ്പെട്ടതാണെന്നാണ് അവരുടെ വാദം. അലി(റ) സ്വന്തമായി ക്രോഡീകരിച്ച കുർആനിൽ ആയത്തുകളുടെ എണ്ണം അധികമുണ്ടെന്നും അവയിലെ അധ്യായങ്ങളുടെ ക്രമംതന്നെ വ്യത്യസ്തമാണന്നും ഇവർ വാദിക്കുന്നു. അതിനായി വ്യാജ റിപ്പോർട്ടുകളും ഉദ്ധരിക്കുന്നു.

പരിപൂർണ രൂപത്തിലുള്ള കുർആൻ വാഗ്ദത്ത മഹ്ദി വരുമ്പോൾ കൊണ്ടുവരും എന്ന് വിശ്വസിക്കുന്ന ശീഇകൾ കുർആൻ പഠിക്കാനോ അതനുസരിച്ച് ജീവിക്കാനോ ശ്രമിക്കുകയില്ല. മുസ്‌ലിം സമുദായത്തിൽ ഒട്ടേറെ പേർ കുർആൻ പൂർണമായി മനഃപാഠമാക്കിയവരുണ്ട്. എന്നാൽ ശീഇകളുടെ കൂട്ടത്തിൽ തജ്‌വീദ് നിയമപ്രകാരം കുർആൻ മനഃപാഠമാക്കിയവർ താരതമ്യേന കുറവാണ്.

ശീഇകൾ സ്വന്തമായി കുർആനുണ്ടാക്കിയെങ്കിലും അതുകൊണ്ട് അവർക്ക് ആളുകളെ ആകർഷിക്കാൻ സാധിച്ചില്ല; അതുകൊണ്ടാണ് യഥാർഥ കുർആനുമായി മഹ്ദി വരും എന്ന പ്രചാരണം നടത്തുന്നത്. ശീഈ പണ്ഡിതനായ നിഅ്മത്തുല്ലാ ജസാഇരി പറയുന്നു: "ശീഈ ഇമാമുമാർ അനുയായികളോട് ഇതാണ് പറയുന്നത്: മഹ്ദി വരുന്നതുവരെ നിങ്ങൾ നിലവിലുള്ള കുർആൻ നമസ്കാരത്തിൽ പാരായണം ചെയ്യാനും മറ്റും പഠിക്കുക. അദ്ദേഹം വന്നു കഴിഞ്ഞാൽ ഈ കുർആൻ ഉയർത്തപ്പെടുകയും പകരം മറ്റൊരു കുർആൻ അവതരിക്കുകയും ചെയ്യും."

കുർആനിലെ വചനങ്ങൾ ഇമാമുകൾക്കനുസരിച്ച് വ്യാഖ്യാനിക്കുകയാണ് മറ്റൊരു ശീഈ തന്ത്രം. ഉദാഹരണമായി, കുർആനിലെ സൂറ: അത്തഗാബുൻ എട്ടാം വചനത്തിലെ 'നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും നാം ഇറക്കിയ പ്രകാശത്തിലും വിശ്വസിക്കുക' എന്നതിലെ പ്രകാശം കൊണ്ട് ഉദ്ദേശിക്കുന്നത് അലിയുടെയും ഇമാമുകളുടെയും പ്രകാശമാണ്

എന്നാണ് അവരുടെ വ്യാഖ്യാനം. പ്രസ്തുത വചനത്തിലെ പ്രകാശം കൊണ്ടുദ്ദേശിക്കുന്നത് ക്വുർആനാണ് എന്ന കാര്യം പകൽ വെളിച്ചം പോലെ വ്യക്തമാണ്. ഇനി, ആ പ്രകാശം കൊണ്ട് ഉദ്ദേശ്യം അലിയും ഇമാമുമാരുമാണെങ്കിൽ അവർ ആകശത്തുനിന്ന് ഇറങ്ങിവന്നവരാണെന്നുകൂടി വ്യാഖ്യാനിക്കേണ്ടിവരും. അതുപോലെ 'നിശ്ചയം ഈ ക്വുർആൻ ഏറ്റവും ചൊവ്വായ മാർഗത്തിലേക്ക് വഴികാണിക്കുന്നു' (ഇസ്‌റാഅ് 9) എന്ന വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് അവർ പറയുന്നത് 'ഈ ക്വുർആൻ ഇമാമത്തിലേക്കും വിലായത്തിലേക്കും വഴികാണിക്കുന്നു' എന്നാണ്. അതുപോലെ, 'അവർ വായകൾകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ ശ്രമിക്കുന്നു' (അസ്സ്വഫ്ഫ് 80) എന്ന വചനത്തെ ഇവർ വ്യാഖ്യാനിക്കുന്നത് 'അമീറുൽ മുഅ്മിനീന്റെ നേതൃത്വത്തെ ഊതിക്കെടുത്താൻ അവർ ശ്രമിക്കുന്നു' എന്നാണ്.

ക്വുർആനിൽ സൂറതുന്നൂറിൽ അല്ലാഹു അവന്റെ പ്രകാശത്തെ ഉപമിച്ചു പറയുന്ന വചനത്തെ വളരെ വിചിത്രമായാണ് ശിയാക്കൾ വ്യാഖ്യാനിക്കുന്നത്. 'അവന്റെ പ്രകാശം ഒരു വിളക്കുമാടം പോലെയാണ്' എന്ന വചനത്തിൽ വിളക്കുമാടം കൊണ്ടുദ്ദേശ്യം ഫാത്വിമ(റ)യാണ് എന്നാണ് വശദീകരണം. വിളക്കുമാടത്തിലെ വിളക്ക് ഹസൻ(റ) ആണ്. ആ വിളക്ക് സ്ഥിതിചെയ്യുന്ന സ്ഫടിക പാത്രം ഹുസൈൻ ആണ്. അനുഗൃഹീത വൃക്ഷം കൊണ്ടുദ്ദേശ്യം ഇബ്‌റാഹീം നബി(അ)യാണ്. ഇതേ രൂപത്തിൽ ഈ ആയത്തിനെ മുഴുവനായും അവർ വ്യാഖ്യാനിക്കുന്നുണ്ട്. ആർക്കെങ്കിലും അല്ലാഹു പ്രകാശം നൽകിയില്ലെങ്കിൽ അവന് പ്രകാശമില്ല (നൂർ 40) എന്ന വചനത്തിന് ആർക്കെങ്കിലും അല്ലാഹു ഫാത്വിമയുടെ മക്കളിൽനിന്നുള്ള ഇമാമുമാരെ നൽകിയില്ലെങ്കിൽ അവന് ഇമാമില്ല എന്നാണ് ശീഈ വ്യാഖ്യാനം.

ക്വുർആനിൽ പറഞ്ഞ 'ശിർക്കി'നെയും 'കുഫ്‌റി'നെയും അലി(റ)യുടെ വിലായത്തിലുള്ള അവിശ്വാസമായാണ് ഇവർ വ്യാഖ്യാനിക്കുന്നത്. അതുപോലെ തൗഹീദിനെ ഇമാമുമാരിലുള്ള ഏകനേതൃത്വമായും കാണുന്നു. സൽകർമങ്ങൾ കൊണ്ടുള്ള വിവക്ഷ ഇമാമുമാരെക്കുറിച്ചുള്ള അറിവും അവർ പറയുന്നതനുസരിച്ചുള്ള പ്രവർത്തനവുമാണ്. 'അവർ പിശാചുക്കളെ രക്ഷാധികാരികളാക്കി' എന്നതിന്റെ വിവക്ഷ അലി(റ) അല്ലാത്ത നേതാക്കൾക്ക് ഉടമ്പടി ചെയ്തു എന്നാണ്. ക്വുർആനിൽ പ്രവാചകന്മാരെയും സജ്ജനങ്ങളെയും കുറിച്ച് പറയുന്ന 'സത്യവാന്മാർ,' 'ദൈവത്തെ സ്മരിക്കുന്നവർ,' 'അറിവു നൽകപ്പെട്ടവർ' എന്നീ പ്രയോഗങ്ങളെല്ലാം ശിയാക്കളെ സംബന്ധിച്ചേടത്തോളം അവരുടെ ഇമാമുകൾക്ക് മാത്രമുള്ള വിശേഷണങ്ങളാണ്. 'നിങ്ങൾ അറിയാത്തവരാണെങ്കിൽ അറിവുള്ളവരോട് ചോദിക്കുക' (നഹ്ൽ 43) എന്ന ക്വുർആൻ വചനത്തിന് 'ഇമാമുമാരോട് ചോദിക്കുക' എന്നാണ് ഇവർ നൽകുന്ന വ്യാഖ്യാനം. ക്വുർആനിൽ 'അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ' (സുമർ 9) എന്നു ചോദിക്കുന്നുണ്ട്. ഇതിലെ 'അറിവുള്ളവർ' ശിയാക്കളും 'അറിവില്ലാത്തവർ' സുന്നികളുമാണെന്ന വാദമാണ് ഇവർക്കുള്ളത്. 'അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ' എന്നതിലെ ദൃഷ്ടാന്തം ഇമാമുമാരാണത്രെ.

ഇതുപോലെ ഒട്ടേറെ ആയത്തുകളെയും പ്രയോഗങ്ങളെയും പദങ്ങളെയും ഇവർ ദുർവ്യാഖ്യാ നിക്കുന്നുണ്ട്. മുകളിൽ കോടുത്തത് ചില ഉദാഹരണങ്ങൾ മാത്രം.

ക്വുർആനിൽ കാഫിറുകളെക്കുറിച്ചും മുശ്‌രിക്കുകളെക്കുറിച്ചും കപടവിശ്വാസികളെക്കുറിച്ചും അവതരിച്ചിട്ടുള്ള വചനങ്ങളത്രയും ആദ്യത്തെ മൂന്ന് ഖലീഫമാരെക്കുറിച്ചും സ്വഹാബിമാരെക്കുറിച്ചുമാണ് എന്ന രൂപത്തിൽ വ്യാഖ്യാനിക്കുന്നതിലൂടെ ശിയാക്കൾ തങ്ങൾ ഇസ്‌ലാമിന്റെ പരിധിക്ക് പുറത്താണെന്നു വ്യക്തമാക്കുകയാണു ചെയ്യുന്നത്.

ക്വുർആനിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തിരിച്ചുവിടാനുള്ള, തങ്ങളുടെ ഇസ്‌ലാം വിരുദ്ധ ആശയങ്ങൾക്കു പിൻബലം നൽകാനുള്ള കുടിലതന്ത്രമാണ് ഇതെന്നു വ്യക്തം. ഈ രൂപത്തിൽ ക്വുർആനെ ദുർവ്യാഖ്യാനിക്കുന്ന ശിയാക്കൾ എങ്ങനെയാണ് ഇസ്‌ലാമിനെ പ്രതിനിധീകരിക്കുക?

*(തുടരും)*



# തോറ്റുപോകുന്ന മരുമക്കൾ

ജസ്ന മൊയ്ദീൻ

പല വീടുകളിലും എത്ര ശ്രമിച്ചിട്ടും ഭർത്താവിന്റെ മാതാപിതാക്കളുമായി ഒത്തുപോകാൻ കഴിയാത്ത ചില മരുമക്കളുണ്ട്. എല്ലാ ബന്ധങ്ങളിലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകും. അതിനെയെല്ലാം വലിയ പ്രശ്നമാക്കി മാറ്റുന്നതാണ് കുഴപ്പം. പ്രത്യേകിച്ച് പ്രായമായ മാതാപിതാക്കളോടൊപ്പം ജീവിക്കുമ്പോൾ, അവരുടെ പ്രായവും ജീവിതാനുഭവങ്ങളും സ്വഭാവത്തിലെ ചില പരിമിതികളും മനസ്സിലാക്കി പെരുമാറാൻ കഴിഞ്ഞാൽ പല പ്രശ്നങ്ങളും അവിടെത്തന്നെ അവസാനിക്കും.

വാർധക്യത്തിലെത്തിയ ഒരാളുടെ സ്വഭാവം, ചിന്താരീതി, ശീലങ്ങൾ എന്നിവ മാറ്റിയെടുക്കുക എന്നത് അത്ര സുസാധ്യമല്ല. അവർ വളർന്നുവന്ന കാലവും വർത്തമാനകാലവും ഒന്നല്ല. അവരുടെ ചില വാക്കുകൾ നമ്മൾ പ്രതീക്ഷിക്കുന്ന രീതിയിൽ ആയിരിക്കണമെന്നില്ല. ചില ഇടപെടലുകൾ പോലും അവരുടെ തലമുറയുടെ സ്വാഭാവികമായ രീതിയായിരിക്കാം. അതിനെയെല്ലാം വ്യക്തിപരമായ അപമാനിക്കലായി കാണുകയും ഓരോ വാക്കിനും നോക്കിനും മറുപടി പറയുകയും ചെറിയ കാര്യങ്ങളെ വലിയ വിഷയങ്ങളാക്കുകയും ചെയ്താൽ സമാധാനത്തോടെ ജീവിക്കാൻ കഴിയാതെ വരും. പലപ്പോഴും പ്രശ്നങ്ങൾ വലുതാകുന്നത് നമ്മുടെ പ്രതികരണം കൊണ്ടായിരിക്കും.

ഭർത്താവിന്റെ ഉമ്മയുടെ, നമുക്ക് ഇഷ്ടപ്പെടാത്ത ചെറിയൊരു പ്രതികരണം ദിവസങ്ങളോളം മനസ്സിൽ സൂക്ഷിക്കുക, അതിനെക്കുറിച്ച് ഭർത്താവിനോട് ആവർത്തിച്ചു പരാതിപ്പെടുക, ബന്ധുക്കളോടു പറയുക, പഴയ സംഭവങ്ങൾ വീണ്ടും വീണ്ടും എടുത്തുപറയുക... ഇതൊക്കെ ഒടുവിൽ ബന്ധം തന്നെ ശിഥിലമാകാൻ കാരണമായേക്കാം.

ഒത്തുപോകുക എന്നത് എല്ലാ കാര്യത്തിലും സമ്മതിക്കുക എന്നതല്ല. ബഹുമാനം നൽകുക എന്നത് സ്വന്തം അഭിപ്രായം ഉപേക്ഷിക്കുക എന്നുമല്ല. ചില കാര്യങ്ങൾ വിട്ടുകൊടുക്കുന്നത് തോൽവിയല്ല; ബന്ധത്തെ ജയിപ്പിക്കാനുള്ള പക്വതയാണ്. അതേസമയം, മരുമകൾക്ക് നേരെ നടക്കുന്ന എല്ലാ അനീതിയും 'അമ്മായിയമ്മയല്ലേ' എന്നു പറഞ്ഞ് സഹിക്കണമെന്നുമല്ല. അതിരുകൾ ലംഘിക്കുന്ന പെരുമാറ്റമുണ്ടെങ്കിൽ മാന്യമായി പരിഹരിക്കുകതന്നെ വേണം. എന്നാൽ നിസ്സാരമായ സ്വഭാവ വ്യത്യാസങ്ങളെ പോലും പോരാട്ടത്തിനുള്ള കാരണമാക്കി മാറ്റുന്നത് ആരുടെയും വിജയമല്ല.

നാളെ ഈ മരുമകൾ തന്നെ ഒരു അമ്മായിയുമ്മയാകും. അന്നു തന്റെ മരുമകൾ തന്റെ പ്രായവും അനുഭവങ്ങളും മനസ്സിലാക്കി ക്ഷമിക്കണമെന്ന് അവൾ ആഗ്രഹിക്കും. അതുകൊണ്ട് ഇന്നു കാണിക്കുന്ന വിട്ടുവീഴ്ച നാളെ തനിക്കും ലഭിക്കേണ്ടതാണെന്ന് ഓർക്കുക.

വീട്ടിൽ സമാധാനം വേണമെങ്കിൽ, ആരാണു ശരി എന്നു തെളിയിക്കുന്നതിനെക്കാൾ ആരാണു ബന്ധം സംരക്ഷിക്കാൻ പക്വത കാണിക്കുന്നത് എന്നതാണ് പ്രധാനം. ചില ബന്ധങ്ങളിൽ ജയിക്കാൻ ഒരാളെ തോൽപിക്കേണ്ടതില്ല; സ്വന്തം ഈഗോയെ തോൽവിച്ചാൽ മതി. ജീവിതത്തിൽ തോറ്റുപോകാതിരിക്കാൻ ചില തോറ്റുകൊടുക്കലുകൾ അനിവാര്യമാണ് എന്നു തിരിച്ചറിയുക. ■



# കൃത്രിമ ബുദ്ധി

സിനി. ടി. കെ, മണ്ണാർക്കാട്

മണ്ണിൽനിന്നുയർന്ന മനുഷ്യൻ
മിന്നുന്ന നക്ഷത്രങ്ങളോടു ചോദിച്ചു:
'അറിവിൻ അതിരെവിടെയാണ്?'
കാലം മറുപടി നൽകി:
'നീ തീർക്കുന്ന അതിരുകൾക്കപ്പുറം
നിന്റെ തന്നെ ചിന്തകൾ കാത്തിരിപ്പുണ്ട്.'
തെളിയണം നാളെകൾ, ബോധത്തിൻ വെളിച്ചത്തിൽ.
രോഗത്തിനു മരുന്നായിടട്ടെ അറിവ്.
വിദ്യയ്ക്കു ചിറകാകട്ടെ സാങ്കേതികത.
തൊഴിലിനു പുതുവഴികൾ തുറക്കട്ടെ.
അന്ധകാരത്തിൽ ദീപമാകട്ടെ ശാസ്ത്രം.
കൈകളിൽ തീയും ചക്രവും കണ്ണുകളിൽ സ്വപ്നങ്ങളും നിറച്ച്,
മനുഷ്യൻ തീർത്തൊരു പുതുജീവൻ; കൃത്രിമ ബുദ്ധി!
അത് അറിവിന്റെ കടലിൽ നീന്തുന്നു,
പക്ഷേ, അറിവിനപ്പുറം മനുഷ്യനെന്തെന്ന് അതിനറിയുമോ?
വിരൽത്തുമ്പിൽ ലോകം തുറക്കുമ്പോൾ,
കാലമാം വാതിലിനപ്പുറം മനുഷ്യൻ നിൽക്കുന്നു;
ഉത്തരം തേടിയിരുന്ന മനസ്സുകൾ
ഉത്തരങ്ങളുടെ അടിമകളാകുമോ?
പുസ്തകങ്ങൾ മൗനമാകുമോ?
ചിന്തകൾ ഉറങ്ങിപ്പോകുമോ?
സ്വന്തം സ്വപ്നങ്ങൾക്കു പകരം യന്ത്രങ്ങളുടെ നിർദേശങ്ങൾ
മാത്രം നമ്മുടെ നാളെയെ എഴുതുമോ?
പക്ഷേ, മനുഷ്യാ...
നീ സൃഷ്ടിച്ച യന്ത്രങ്ങളോട് ചോദിച്ചു നോക്ക നീ:
'കരുണയുടെ കണ്ണുനീർ അളക്കാൻ കഴിയുമോ?'
ഓർക്കണം:
'യന്ത്രങ്ങളെ നീ സൃഷ്ടിച്ചതാണ്, അവയല്ല
നിന്റെ ഭാവിയെ കുറിക്കേണ്ടത്.'

# സൂറ: അശ്ശുഅറാഅ്

കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَإِنَّهُۥ لَفِى زُبُرِ ٱلْأَوَّلِينَ ﴿١٩٦﴾

196. തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുണ്ട്.

*196) (തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥത്തിൽ ഉണ്ട്) അതായത് മുൻ ഗ്രന്ഥങ്ങളിൽ നേരത്തെ പറയുകയും സ്ഥിരീകരിക്കുകയും ചെയ്തു. അവരുടെ പ്രവചനങ്ങൾക്ക് അനുസരിച്ചു തന്നെ അവ പുലർന്നപ്പോൾ അതു മുൻവേദഗ്രന്ഥങ്ങളെയും പ്രവാചകന്മാരെയും സത്യപ്പെടുത്തുന്നതായി.*

أَوَلَمْ يَكُن لَّهُمْ ءَايَةً أَن يَعْلَمَهُۥ عُلَمَٰٓؤُا۟ بَنِىٓ إِسْرَٰٓءِيلَ ﴿١٩٧﴾

197. ഇസ്റാഈൽ സന്തതികളിലെ പണ്ഡിതൻമാർക്ക് അത് അറിയാം എന്ന കാര്യം ഇവർക്ക് (അവിശ്വാസികൾക്ക്) ഒരു ദൃഷ്ടാന്തമായിരിക്കുന്നില്ലേ?

*197) (ഇവർക്ക് -വിശ്വാസികൾക്ക് - ഒരു ദൃഷ്ടാന്തം ആയിരിക്കുന്നില്ലേ?) ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്നുതന്നെയുള്ളതാണെന്നു സ്ഥിരീകരിക്കാൻ. (ഇസ്റാഈൽ സന്തതികളിലെ പണ്ഡിതന്മാർ അതു തിരിച്ചറിയുന്നു) അവർ ജനങ്ങളിൽ ഏറ്റവും അറിവുള്ളവരും ആധികാരികത ഉള്ളവരുമാണ്.*

*ഏതൊരു കാര്യത്തിൽ ആശയക്കുഴപ്പങ്ങൾ സംഭവിച്ചാലും ആ കാര്യത്തെക്കുറിച്ച് അനുഭവ പരിചയമുള്ളവരിലേക്ക് മടക്കപ്പെടുകയാണ് വേണ്ടത്. അപ്പോൾ അവരുടെ വാക്ക് മറ്റുള്ളവർക്കെതിരെ തെളിവായിരിക്കും; മൂസാ നബി(അ)യോട് മത്സരിച്ച മാന്ത്രികന്മാർ അദ്ദേഹത്തിന്റെ അമാനുഷിക ദൃഷ്ടാന്തം സത്യപ്പെടുത്തിയതു പോലെ. അവരതിൽ വൈദഗ്ധ്യമുള്ളവരാണ്. മൂസാനബിയുടെത് ജാലവിദ്യയല്ല. ആണെന്ന് ഏതു വിവരദോഷികൾ പറഞ്ഞാലും അത് അംഗീകരിക്കേണ്ടതില്ല.*

وَلَوْ نَزَّلْنَٰهُ عَلَىٰ بَعْضِ ٱلْأَعْجَمِينَ ﴿١٩٨﴾

198. നാം അത് അനറബികളിൽ ഒരാളുടെ മേൽ അവതരിപ്പിക്കുകയും,

فَقَرَأَهُۥ عَلَيْهِم مَّا كَانُوا۟ بِهِۦ مُؤْمِنِينَ ﴿١٩٩﴾

199. എന്നിട്ട് അയാൾ അത് അവർക്ക് ഓതിക്കേൾപ്പിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവരതിൽ വിശ്വസിക്കുമായിരുന്നില്ല.

*198-199) (നാം അത് അനറബിയിൽ ഒരാളുടെ മേൽ അവതരിപ്പിച്ചിരുന്നെങ്കിൽ) അവരുടെ ഭാഷ മനസ്സിലാക്കാൻ കഴിയാതിരുന്നാൽ. (എന്നിട്ട് അയാൾ അത് അവർക്ക് ഓതിക്കേൾപ്പിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവരതിൽ വിശ്വസിക്കുമായിരുന്നില്ല) അവർ പറയുന്നത്; 'എന്താണ് അദ്ദേഹം പറയുന്നത് എന്ന് ഞങ്ങൾക്കു മനസ്സിലാകുന്നില്ല, എന്തിലേക്കാണ് അദ്ദേഹം ക്ഷണിക്കുന്നതെന്നും ഞങ്ങൾക്കറിയില്ല.' വ്യക്തമായ വാക്കുകളിൽ ഉദ്ദിഷ്ട ആശയങ്ങൾ പ്രകടിപ്പിക്കാൻ പ്രാപ്തനായയ ഒരു പ്രവാചകനെ തങ്ങൾക്കു കിട്ടിയതിൽ അവർ തങ്ങളുടെ നാഥനെ സ്തുതിക്കട്ടെ. അതിൽ വിശ്വസിക്കാനും അതിനു കീഴ്പ്പെടാനും അവർ ധൃതിപ്പെടട്ടെ.*

| | |
|---|---|
| 200. അപ്രകാരം കുറ്റവാളികളുടെ ഹൃദയങ്ങളിൽ നാം അത് (അവിശ്വാസം) കടത്തിവിട്ടിരിക്കയാണ്. | كَذَٰلِكَ سَلَكْنَاهُ فِي قُلُوبِ الْمُجْرِمِينَ ﴿٢٠٠﴾ |
| 201. വേദനയേറിയ ശിക്ഷ കാണുന്നതുവരേക്കും അവരതിൽ വിശ്വസിക്കുകയില്ല. | لَا يُؤْمِنُونَ بِهِ حَتَّىٰ يَرَوُا الْعَذَابَ الْأَلِيمَ ﴿٢٠١﴾ |
| 202. അവർ ഓർക്കാത്ത നിലയിൽ പെട്ടെന്നായിരിക്കും അതവർക്കു വന്നെത്തുന്നത്. | فَيَأْتِيَهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٢٠٢﴾ |
| 203. ഞങ്ങൾക്ക് (ഒരൽപം) അവധി നൽകപ്പെടുമോ എന്ന് അപ്പോൾ അവർ ചോദിച്ചേക്കും. | فَيَقُولُوا هَلْ نَحْنُ مُنظَرُونَ ﴿٢٠٣﴾ |

*200-203) എന്നാൽ സംശയിക്കേണ്ട, ഒരു കാരണവും കൂടാതെ അതിനെ നിഷേധിക്കുന്നത് ശുദ്ധമായ അവിശ്വാസവും ദുശ്ശാഠ്യവുമാണ്. അത് അവിശ്വാസികളായ മുൻ സമുദായങ്ങളിൽ നിന്ന് അവർക്ക് പാരമ്പര്യമായി ലഭിച്ചതാണ്. അതാണ് അല്ലാഹു പറഞ്ഞത്: (അപ്രകാരം കുറ്റവാളികളുടെ ഹൃദയങ്ങളിൽ നാം അത് -അവിശ്വാസം-കടത്തിവിട്ടിരിക്കുകയാണ്) സൂചിയിൽ നൂൽ കോർക്കുന്ന പോലെ ദുഷിച്ചവരുടെ ഹൃദയങ്ങളിൽ നാം നിഷേധവും പ്രവേശിപ്പിക്കുന്നു. അത് അവരിൽ നന്നായി വേരൂന്നി അവരുടെ സ്വഭാവമായി രൂപപ്പെടുന്നു.*

*ഇതെല്ലാം സംഭവിക്കുന്നത് അവരുടെ ദുഷ്പ്രവൃത്തിയും അക്രമവും മൂലമാണ്. അതാണ് അല്ലാഹു പറഞ്ഞത്: (വേദനയേറിയ ശിക്ഷ കാണുന്നതുവരെ അവരതിൽ വിശ്വസിക്കുകയില്ല) അവരുടെ നിഷേധത്തിന്. (അവർ ഓർക്കാത്ത നിലയിൽ പെട്ടെന്നായിരിക്കും അവർക്ക് വന്നെത്തുന്നത്) അത് അവരെ അറിയാതെ പിടികൂടും.*

*മുൻകൂട്ടി അറിയാതെ വരുമ്പോൾ അവർ അതിനെ പ്രതീക്ഷിക്കില്ല. അങ്ങനെ ശിക്ഷ അവരുടെമേൽ വന്നുഭവിക്കാൻ കൂടുതൽ സൗകര്യമാകും. (അപ്പോൾ അവർ ചോദിച്ചേക്കും) ആ സമയത്ത്. (ഞങ്ങൾക്ക് ഒരല്പം അവധി നൽകപ്പെടുമോ?) അതായത്, അവർക്കു കൂടുതൽ സമയം നൽകണമെന്ന് ആവശ്യപ്പെടും.*

*പക്ഷേ, സമയം അവസാനിച്ചുകഴിഞ്ഞു. ഒരു ചെറിയ സമയത്തേക്കുപോലും മാറ്റിനിറുത്താത്ത ശിക്ഷ അവരുടെമേൽ സംഭവിക്കും; ഒരു ഇടവേളയും ലഭിക്കില്ല.*

---

| | |
|---|---|
| 204. എന്നാൽ നമ്മുടെ ശിക്ഷയെപ്പറ്റിയാണോ അവർ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നത്? | أَفَبِعَذَابِنَا يَسْتَعْجِلُونَ ﴿٢٠٤﴾ |

*204) അല്ലാഹു പറയുന്നു: (നമ്മുടെ ശിക്ഷയെപ്പറ്റി) നിസ്സാരമായി ഗണിക്കാൻ പറ്റാത്ത വേദനയേറിയ ശിക്ഷക്ക്. (അവർ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നു) എന്താണ് അവരെ ചതിച്ചത്? ആ ശിക്ഷ ക്ഷമയോടെ സഹിക്കാൻ അവർക്ക് ശക്തിയുണ്ടോ? അവർക്ക് അതു സംഭവിച്ചാൽ അതിനെ തടുക്കാനോ മാറ്റാനോ അവർക്കാകുമോ? അവർക്ക് നമ്മിൽനിന്ന് രക്ഷപ്പെടാനാകുമോ? അതല്ല, അവരെ ശിക്ഷിക്കാൻ നമുക്ക് കഴിയില്ലെന്ന് അവർ വിചാരിക്കുന്നുണ്ടോ?*

---

| | |
|---|---|
| 205. എന്നാൽ നീ ആലോചിച്ചിട്ടുണ്ടോ? നാം അവർക്ക് കുറെ കൊല്ലങ്ങളോളം സുഖസൗകര്യം നൽകുകയും, | أَفَرَأَيْتَ إِن مَّتَّعْنَاهُمْ سِنِينَ ﴿٢٠٥﴾ |
| 206. അനന്തരം അവർക്കു താക്കീത് നൽകപ്പെട്ടുകൊണ്ടിരിക്കുന്ന ശിക്ഷ അവർക്കു വരികയും ചെയ്യുവെന്ന് വയ്ക്കുക. | ثُمَّ جَاءَهُم مَّا كَانُوا يُوعَدُونَ ﴿٢٠٦﴾ |
| 207. (എന്നാലും) അവർക്ക് നൽകപ്പെട്ടിരുന്ന ആ സുഖസൗകര്യങ്ങൾ അവർക്കൊരു പ്രയോജനവും ചെയ്യുമായിരുന്നില്ല. | مَا أَغْنَىٰ عَنْهُم مَّا كَانُوا يُمَتَّعُونَ ﴿٢٠٧﴾ |

205-207) (എന്നാൽ നീ ആലോചിച്ചിട്ടുണ്ടോ, നാം അവർക്ക് കൊല്ലങ്ങളോളം സുഖസൗകര്യം നൽകിയിരുന്നുവെങ്കിൽ) അവരുടെ മേൽ ശിക്ഷയിറക്കാൻ നാം തിടുക്കം കൂട്ടുന്നില്ലെങ്കിൽ ഇവിടെ കാലങ്ങളോളം സുഖമായി ജീവിക്കാൻ നാം അവധി നൽകും എന്ന് അവർ കരുതുന്നുണ്ടോ? (അനന്തരം അവർക്കു താക്കീത് നൽകപ്പെട്ടുകൊണ്ടിരിക്കുന്ന ശിക്ഷ അവർക്കു വരികയും ചെയ്തു, എന്നാലും അവർക്ക് നൽകപ്പെട്ടിരുന്ന ആ സുഖസൗകര്യങ്ങൾ അവർക്കൊരു പ്രയോജനവും ചെയ്യുമായിരുന്നില്ല) മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആ സുഖങ്ങൾ ഇല്ലാതാവുകയും അതിന്റെ അനന്തരഫലങ്ങൾ വരികയും ശിക്ഷ ഇരട്ടിയായി നീണ്ടകാലം നിലനിൽക്കുകയും ചെയ്താൽ എന്തു പ്രയോജനമാണ് ഉണ്ടാവുക? ആരാണ് രക്ഷയ്ക്കെത്തുക?

ശിക്ഷ വരുന്നതിനും അതിനു വിധേയരാകുന്നതിനും മുമ്പ് മുന്നറിയിപ്പ് നൽകുകയാണ് ഇവിടെ. ഇതു വേഗത്തിലാക്കണോ വൈകിപ്പിക്കണോ എന്നതല്ല പ്രശ്നം, ശിക്ഷ വരാതിരിക്കലാണ് ആവശ്യം.

# എത്ര മനോഹരം!

ഖദീജ നാസർ, പെരുമ്പാവൂർ

ആകാശം കണ്ടോ നീ ആകാശം,
മോനേ, നീ കണ്ടോ ആകാശം?
നീല നിറമുള്ള ആകാശം
ആഹാ കാണാൻ എന്തു ചന്തം!
ചുറ്റിലും നോക്കിയാൽ കാണാമെ
സുന്ദര കാഴ്ചകൾ എമ്പാടും.
പലതരം മരവും ചെടികളുണ്ട്,
പച്ചനിറത്തിൽ ഇലകളുണ്ട്,
പച്ചയിൽ തന്നെ പല വിധങ്ങൾ!
ഒത്തിരി വർണത്തിൽ പൂക്കളുണ്ട്,
പല പല മണമുള്ള പൂക്കളുണ്ട്.
പക്ഷികൾ പാറിപ്പറന്നിടുന്നു,
ഏതെല്ലാം പക്ഷി, മൃഗങ്ങളുണ്ട്
പേരുകൾ ഓർത്തു പറഞ്ഞിടാമോ?
പുഴകൾ, അരുവികൾ, കടലുമുണ്ട്,
അവയിലായ് പലവിധ മൽസ്യമുണ്ട്.
ആരാണിതൊക്കെ പടച്ചതെന്ന്
മോനേ, നീ നന്നായ് അറിഞ്ഞിടേണം.
എണ്ണിയാൽ തീരാത്തനുഗ്രഹങ്ങൾ
ഏകിയതാരെന്നറിഞ്ഞിടേണം.
ഏകനാം അല്ലാഹുവാണിതെല്ലാം
സൃഷ്ടിച്ചതെന്നത് ഓർത്തിടേണം.
അവനെ നാമെപ്പോഴും വാഴ്ത്തിടേണം,
അവനോടു നന്ദി നാം കാട്ടിടേണം.






# മനോഭാവം

നജീബ് കെ.സി.

അല്പവിഭവം തൃപ്തിയാലെ
അധികമായി ഭവിച്ചിടാം;
അധികമോ അതിമോഹമാലെ
അല്പമെന്ന് നിനച്ചിടാം.

അകലമെല്ലാം അരികെയാക്കി
സ്നേഹംകൊണ്ടേ താണ്ടിടാം;
അരികെയെങ്കിലുമകലെയെന്ന്
ദ്വേഷമാൽ ഭാവിച്ചിടാം.

സഹനസഹിതം ക്ലേശമെല്ലാം
ലളിതമെന്നു ജയിച്ചിടാം;
ലളിതവും നിരാശയാലെ
ഭാരമെന്നു വിധിച്ചിടാം.

ശ്രദ്ധയധ്വാനങ്ങളാൽ
ശുഭമേറെ കാര്യം നേടിടാം;
അശ്രദ്ധയാൽ അധ്വാനവും
ഫലസിദ്ധിയും പാഴായിടാം.

*(ആശയത്തിന്, അറബി ഭാഷയിൽ പ്രചരിച്ച*
*അജ്ഞാതകൃത്തായ ഒരു സന്ദേശത്തോട് കടപ്പാട്)*



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM students

wisdomstudents

# ഇനി ടീൻസ്പേസ് കാലം

**2026 ഒക്ടോബർ- നവംബർ**

## teenspace

Higher Secondary Students Conference

#teenspace

Wisdom Students Kerala State Committee

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 26 September 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM YOUTH

wisdom youth

# KERALA TEACHERS CONFERENCE 5.0

Nurturing Humanity

11 2026 OCTOBER SUNDAY

9:00AM

TAJ CONVENTION CENTRE

CHEMMAD

TO REGISTER

WISDOM ISLAMIC YOUTH ORGANIZATION KERALA
CV COMPLEX, PV SWAMI ROAD, CALICUT - 2